2009
ആഗസ്റ്റ്
ലക്കം: 109

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക




റിപ്പയറിംഗിന് പകരം റീപ്ലേസിംഗ്
അല്ലെങ്കിൽ ഡിസ്പോസ് !

ഐ.ഐ.എം ബിരുദധാരി
പച്ചക്കറി വ്യാപാരം ചെയ്യുമ്പോൾ

ജീവിതം ലളിതമാക്കാം

സ്വർണ്ണതവള

സിനിമയും
മത്തൻ വള്ളിയും

അകത്തേക്കും
പുറത്തേക്കുമുള്ള യാത്ര

2009 ആഗസ്റ്റ്
ലക്കം 109

ലിറ്റിൽ മാസിക
പുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചീഫ് എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ

പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി

കവർ പെയ്ന്റിംഗ്
ഡോ. ടി. റഹ്മാൻ

ലേഔട്ട് & പ്രിന്റിംഗ്
ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ

ലിറ്റിൽ മാസിക ഇനി ബ്ലോഗിലും
ലോകത്തെല്ലായിടത്തുമുള്ള ലിറ്റിൽ മാസിക സുഹൃത്തുക്കൾക്ക് ഇനി ബ്ലോഗിലും ലിറ്റിൽ മാസിക വായിക്കാം.
Visit:
http://www.elittlemasika.blogspot.com/

കോപ്പിലെഫ്റ്റ് എംബ്ലം: സാധാരണ കോപ്പിറൈറ്റിന്റെ ചിഹ്നം തിരിച്ചിട്ടാൽ കോപ്പിലെഫ്റ്റിന്റെ ചിഹ്നമാകും.

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.

ചെറിയ വലിയ കാര്യം

# സ്വർണ്ണത്തവള




**"നമ്മുടെ കൽക്കരി നിലയങ്ങളും കൊട്ടാരസമാനമായ കാറുകളുമുപയോഗിച്ചാണ് നമ്മൾ സുവർണ്ണ തവളയെ കൊന്നത്"**

ആഗോളതാപനത്തിന്റെ ഫലമായി ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷമായെന്ന് ശാസ്ത്രലോകം വിധിയെഴുതിയ ആദ്യജീവിയാണ് സുവർണ്ണ തവള (ഗോൾഡൻ ടോഡ്). ഭൂമിക്ക് ചൂടുകൂടുന്നതിന്റെ ഫലമായി സമീപഭാവിയിൽ അന്യം നിൽക്കുമെന്ന് പ്രവചിക്കപ്പെടുന്ന പത്തുലക്ഷത്തോളം വർഗ്ഗങ്ങളുടെ പ്രതിനിധി. കോസ്റ്ററിക്കയിലെ മോന്റെ വെർഡെ മേഖലയിൽ വെറും പത്ത് ചതുരശ്ര കിലോമീറ്റർ വനപ്രദേശമായിരുന്നു ഈ ജീവിവർഗ്ഗത്തിന്റെ വാസഗേഹം. ലോകത്ത് വേറൊരിടത്തും ഈ തവളകൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല. അമേരിക്കൻ ഗവേഷകനായ ജെയ് സാവേജ് ഈ ജീവിവർഗ്ഗത്തെ കണ്ടെത്തിയത് 1966-ൽ മാത്രമാണ്. കണ്ടാൽ സ്വർണ്ണ...ത്തിൽ നിർമ്മിച്ച കളിപ്പാട്ടം എന്നല്ലാതെ അതൊരു ജീവിയാണെന്ന് വിശ്വാസം വരില്ലാ എന്ന് ആ ജീവിയെ അവസാനമായി കാണാൻ അവസരം ലഭിച്ച ഗവേഷകയായ മാർട്ടി ക്രംപ് ... രേഖപ്പെടുത്തുന്നു. 1987 ആയപ്പോഴേക്കും കോസ്റ്ററിക്ക പ്രദേശം പതിവില്ലാത്തവിധം വരൾച്ചയിൽപ്പെട്ടു. സുവർണ്ണ തവളയുടെ വംശനാശവും തുടങ്ങി. 1989 മെയ് 15ന് മാർട്ടിക്രംപ് ഏകനായ ഒരു സുവർണ്ണ തവളയെ കണ്ടു. അതായിരുന്നു അവസാനമായി മനുഷ്യൻ കണ്ട സുവർണ്ണതവള. പിന്നീട് ആ ജീവിയെ ആരും കണ്ടിട്ടില്ല. വർഷങ്ങൾ കടന്ന് പോയതോടെ കാര്യം വ്യക്തമായി. ആ മനോഹര ജീവി ഭൂമിയിൽ അവശേഷിച്ചിട്ടില്ല. വംശനാശം സംഭവിച്ച ജീവികളുടെ പട്ടികയിൽ 2004 ഓടെ അന്താരാഷ്ട്ര പ്രകൃതിസംരക്ഷണ യൂണിയൻ (ഐ.യു.സി.എൻ) സുവർണ്ണ തവളയുടെ പേരും ചേർത്തു. ആഗോളതാപനമാണ് സുവർണ്ണതവള ഉൾപ്പെടെയുള്ള പല ജീവികളുടെയും വംശനാശത്തിന് കാരണമായതെന്ന് പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കൽക്കരിയും പെട്രോളും ഉൾപ്പെടെയുള്ള ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ പുറത്ത് വരുന്ന കാർബൺഡയോക്സൈഡാണ് ആഗോളതാപനത്തിലെ മുഖ്യപ്രതി. നമ്മുടെ കൽക്കരി നിലയങ്ങളും കൊട്ടാരസമാനമായ കാറുകളുമുപയോഗിച്ചാണ് നമ്മൾ സുവർണ്ണ തവളയെ കൊന്നത്. 'അവ ജീവിച്ചിരുന്ന വനം ബുൾഡോസർ വെച്ച് ഇടിച്ച് നിരത്തിയാലെന്നപോലെ' -ദി വെതർ മേക്കേഴ്സ് എന്ന ഗ്രന്ഥത്തിൽ പരിസ്ഥിതി ശാസ്ത്രജ്ഞൻ ടിംഫ്ളാനെറി അഭിപ്രായപ്പെടുന്നു.

*(പൂർണ്ണരൂപം 2009 ജൂലൈ 19 ലെ മാതൃഭൂമി വാരാന്തപ്പതിപ്പിൽ ജോസഫ് ആന്റണി എഴുതിയ 'ആഗോളതാപനത്തിന്റെ ആദ്യ ഇര' എന്ന ലേഖനത്തിൽ വായിക്കാം)*

കൈമുദ്ര

*കൈപ്പടയിൽ തെളിയുന്ന അക്ഷരക്കൂട്ടങ്ങൾക്ക് ലാളിത്യമാർന്ന വശ്യതയും സൗന്ദര്യവുമുണ്ട്. ആത്മാംശം പുരണ്ട കൈമുദ്രകളിൽ ചിലത് ഈ കോളത്തിൽ പ്രസിദ്ധീകരിക്കുന്നു. ഈ ലക്കത്തിൽ കവി മണമ്പൂർ രാജൻബാബു അയച്ചുതന്ന കത്ത്.*

18.7.2009

പ്രിയ ബിജു ജോൺ,

തവിട്ടു നിറത്തിലുള്ള അച്ചടി, ലിറ്റിൽ മാസികയുടെ പുതുലക്കത്തിന് ഭംഗിയേറ്റി.

പരിഷ്കാരഭാവേന, ഭാഷയെ വികലമാക്കുന്നുള്ള വൻകിട പത്രങ്ങളുടെ ജന്മാവകാശം നാം ഏറ്റെടുക്കേണ്ടതുണ്ടോ? മാസികയുടെ മുൻവശത്തു തന്നെ 'നിശബ്ദത' എന്നച്ചടിച്ചതാണ് ഉദ്ദേശിച്ചത്. 'നിശ്ശബ്ദത' എന്നുറപ്പിച്ചെഴുതുകയും ഉച്ചരിക്കുകയും ചെയ്യേണ്ടുന്ന കാവ്യസുന്ദരഭാഷയാണല്ലോ നമ്മുടെ മലയാളം.

ആശംസകളോടെ,

[signature] 18.7.2009

മണമ്പൂർ രാജൻബാബു

**പുതിയ കാലം പുതിയ രീതി**

ലിമ ന്യൂസ് നെറ്റ്‌വർക്ക്

# റിപ്പയറിംഗിന് പകരം റീപ്ലേസിംഗ് അല്ലെങ്കിൽ ഡിസ്‌പോസ് !



**മൊബൈലിന് ചെറിയ വര വന്നാൽ വലിച്ചെറിയാനോ, ബാഗിൽ ചെറിയ കറപറ്റിയാൽ തന്നെ പുതിയത് വാങ്ങാനോ മുതിരുന്ന കുട്ടികളുണ്ടെങ്കിൽ സൂക്ഷിക്കുക! അവർ നിങ്ങളെ ത്തന്നെയാണ് അനുകരിക്കുന്നത്. നന്നാക്കി എടുക്കുന്നതിനേക്കാൾ ലാഭം പുതിയ ഒന്ന് വാങ്ങുന്നതാണ് എന്ന മുദ്രാവാക്യം നമ്മെ അപകടത്തിലാക്കും.**

ജീവിതത്തിന്റെ എല്ലാമേഖലയിലും ഏവർക്കും പ്രിയപ്പെട്ട പ്രയോഗങ്ങളാണ് റീപ്ലേസ്, ഡിസ്‌പോസ് എന്നിവ.

നല്ല വിലകൊടുത്ത് വാങ്ങുന്ന എന്തെങ്കിലും ഉപകരണം കേടുവന്നാൽ റിപ്പയിംഗ് സെന്ററുകളിൽ ചെന്നാൽ പെട്ടെന്ന് വരും ഉത്തരം: 'ഇതുനന്നാക്കിയെടുക്കുന്നത് റിസ്കാണ്. പുതിയ ഒന്ന് വാങ്ങുന്നതാണ് എളുപ്പവും ലാഭവും.' ചെറിയ ക്ലാസിൽ തന്നെ നമ്മുടെ കുട്ടികൾ പഠിക്കുന്ന പാഠം ഇതാണ്. റീഫിൽ വാങ്ങുന്ന പണം ഉണ്ടെങ്കിൽ പുതിയ പേന വാങ്ങാമല്ലോ എന്ന യുക്തി മുതിർന്നവരെപ്പോലെ കുട്ടികളും സ്വായത്തമാക്കിയിരിക്കുന്നു. ഉപകരണങ്ങളുടെ പ്രധാനപ്പെട്ടതും വിലകൂടിയതുമായ പാർട്ട്സ് കേടായി ഗ്യാരണ്ടി പിരീയഡിലാണെങ്കിൽ റീപ്ലേസ് ചെയ്യാം നന്നാക്കിയാൽ ശരിയാവില്ല. അ ല്ലങ്കിൽ സെറ്റ് മൊത്തമായി ഡിസ്‌പോസ് ചെയ്യാം. ഇങ്ങനെയാണ് ഉപകരണവും മറ്റു സാധനങ്ങൾ വിൽക്കുന്നവരുടെയും സർവ്വീസ് ചെയ്യുന്നവരുടേയും ശൈലി. കമ്പ്യൂട്ടറിന്റേയും അനുബന്ധസാധനസാമഗ്രികളുടെയും വിപണിയിൽ നടക്കുന്ന ചതിക്കുഴികൾ മനസ്സിലാക്കേണ്ടതു തന്നെയാണ്. 4000 രൂപയ്ക്ക് വാങ്ങുന്ന ഒരു കമ്പ്യൂട്ടർ പ്രിന്റർ ഒരു മോഡൽ ഇറങ്ങികഴിഞ്ഞ് 6 മാസത്തിനകം പുതിയ മോഡൽ ഇറങ്ങും. പിന്നെ പഴയ സെറ്റിന്റെ ഒരു പാട്ട്സും വിപണിയിൽ പൊടിപോലുമുണ്ടാവില്ല. കേവലം 6 മാസം പഴയ ഒരു ഉപകരണവുമായി ചെന്നാൽ പോലും പഴയതായിപ്പോയി എന്ന നിലയിലാണ് സമീപനം. പെട്ടെന്ന് പെട്ടെന്ന് പുതിയ മോഡലുകൾ ഇറങ്ങുമ്പോൾ അത് കരസ്ഥമാക്കുവാനുള്ള പ്രവണത ഉപഭോക്തക്കളിൽ ഉണർത്താനും കൊണ്ട്പിടിച്ച ശ്രമം നടക്കുന്നു. പഴയ ഒരു സെറ്റ് കൈവശമുള്ളവൻ വെറും നിസ്സാരൻ, പഴഞ്ചൻ എന്ന ആത്മനിന്ദയ്ക്കും വിധേയനാക്കപ്പെടുന്ന തരത്തിലാണ് കാര്യങ്ങൾ.

ഏത് ഉൽപ്പന്നവും കേടുവന്നാൽ നന്നാക്കി മിനുക്കി എടുത്ത് ഉപയോഗിക്കുന്ന സമ്പ്രദായംതന്നെ ഇപ്പോഴില്ല. അൽപ്പം പഴയതായാൽ പോലും (കേവലം 6 മാസമോ, ഒരു വർഷമോ) അതുപയോഗിക്കുന്നതുതന്നെ ഒരു വലിയ കുറച്ചിലാവുന്ന

---

## വായനയുടെ പക്ഷം

ചങ്ങാതിമാരെ,

ഒരു ജാലകപ്പുറത്തെ
മഴവെളിച്ചങ്ങളിൽ
സ്വയമലിഞ്ഞ്
മഴക്കാറ്റുകൾക്കൊപ്പം
പറന്ന്,
പെയ്തു പെയ്ത്
മതിമറന്ന മാനത്തിന്റെ
മഴവിൽ ചിരിയിലെ
നിറക്കൂട്ടാകാൻ
മോഹിച്ച് ദിവാസ്വപ്നം
കണ്ടിരിക്കാൻ നേരമെവിടെ
അല്ലെ, പിടിപ്പതുപണിയല്ലെ എന്നാലും
മഴയാശംസകൾ.

**സി.രാജഗോപാലൻ പള്ളിപ്പുറം**

ലിമ മുടങ്ങാതെ കിട്ടുന്നു നന്ദി. ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെ അന്വേഷിക്കുന്ന മാസിക, വളർന്നു വലുതാവട്ടെ എന്ന് ആശംസിക്കാതെ ചെറുതാ യി നിന്നുകൊണ്ട് തന്നെ അതിന്റെ ധർമ്മം നിർവ്വഹിക്കട്ടെ എന്നാ ശിക്കുന്നു.

**ശശികുമാർ സോപാനത്ത്**


ഒരു നീണ്ട ഇടവേളക്കുശേഷം ലിറ്റിൽമാസിക വീണ്ടും കിട്ടി. ഒരുപാട് ഒരുപാട് പുതുമകളോടെ സന്തോഷം തോന്നി. ഇത്തരം ഒരു മാസികയാണ് നമ്മുടെ ഈ കൊച്ചു കേരളത്തിൽ വേണ്ടത്. കൈമുദ്രയിലെ വി.കെ.ശ്രീരാമന്റെ കാക്കക്കഥ മാനോഹരം ഒരു കാക്ക സ്നേഹിയാതിന്റെ പേരിലാവും ഒരു പക്ഷേ എനിക്കത് ആകർഷണമായിത്തോന്നിയത്. എന്റെ കവിതാസമാഹാരത്തിലെ സുന്ദരിക്കാക്ക എന്ന കവിത ശ്രദ്ധിക്കുക.

**ചന്തിരൂർ താഹ**

എൻ എച്ചും എക്സ്പ്രസ്സ് ഹൈവേയും മാത്രമല്ലല്ലോ ഒറ്റയടിപ്പാതയും വഴിയാണ്. അഥവാ അതല്ലേ വഴി? ഭാഷയിലുമുണ്ട് ഈ വിധം വഴികൾ. വിപരിതവും പര്യായവും നാനാർത്ഥവുമെല്ലാം ഓരോരോ പടവുകളാണ്. ചില ചിട്ടപ്പെടുത്തലുകൾ ആത്മവിശ്വാസത്തിന്റെ അച്ചടക്കത്തിന്റെ നടത്തം ഇത്തരം വഴികൾ, ഒക്കത്തിരിക്കുന്ന ഏതൊരു മടിയൻ കുഞ്ഞിനെയും ഊർന്നിറങ്ങാൻ പ്രേരിപ്പിക്കും. ഇറങ്ങിനടക്കാൻ പ്രേരിപ്പിക്കും. അതുകൊണ്ട് ചങ്ങാതീ... ശാഠ്യം കളയൂ..വിദ്യയും വിദ്യാഭ്യാസവും താങ്കളുടെ മാത്രമല്ല എന്റെയും തറവാട്ടു സ്വത്താണ്.

**സുകേതു വണ്ടിത്താവളം**

# ഐ.ഐ.എം ബിരുദധാരി പച്ചക്കറി വ്യാപാരം ചെയ്യുമ്പോൾ



**കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ കിട്ടാമായിരുന്ന വലിയ ജോലി വേണ്ടന്നുവെച്ച് ആരും കടന്നുവരാത്ത മേഖലയിൽ ധീരമായി സഞ്ചരിക്കുന്ന ഐ.ഐ.എം ബിരുദധാരിയെക്കുറിച്ച്...**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഒരു മാനേജ്മെന്റ് ബിരുദം പല യുവാക്കാളുടെയും സ്വപ്നമാണ്. പഠിച്ചിറങ്ങിയാൽ കാത്തിരിക്കുന്നത് ആകാശത്തിന്റെ അതിരുകളോളമുള്ള അവസരങ്ങളാണ്. അപ്പോളിതാ ബീഹാറിൽ നളന്ദ ജില്ലയിലെ കൗശലേന്ദ്ര എന്ന ഐ.ഐ.എം.മാനേജ്മെന്റ് ബിരുദധാരി പച്ചക്കറി വ്യാപാരത്തിന്റെ വഴി തെരഞ്ഞെടുത്തിരിക്കുന്നു. "ബീഹാറിനെ ഇന്ത്യയിലെ ഏറ്റവും വലിയ പച്ചക്കറി ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുക എന്നതാണ് എന്റെ സ്വപ്നം"-27 കാരനായ കൗശലേന്ദ്ര പറയുന്നു. കർഷകരുടെ ഒരു സഹകരണ സംഘം സമൃദ്ധി എന്ന പേരിൽ രൂപീകരിച്ചു കഴിഞ്ഞു. 300 ഓളം കർഷകർ ഇപ്പോൾ സമിതിയുടെ കിഴിൽ പരിശീലനം നേടുന്നു. ജൈവകൃഷിരീതി പിന്തുടരുന്ന കൗശലേന്ദ്ര ഇന്ത്യയിൽനിന്ന് പുറത്തേക്ക് ലോകത്ത് പലയിടത്തേക്കും പച്ചക്കറികൾ കയറ്റുമതി ചെയ്യുകയും അതുവഴി ബീഹാറിലെ കർഷകർക്ക് സമൃദ്ധി ഉണ്ടാക്കുമെന്നും ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ്.

തണുപ്പിച്ച പ്രത്യേക പായ്ക്കറ്റുകളിൽ വിതരണം ചെയ്യപ്പെടുന്ന പച്ചക്കറി പായക്കറ്റുകളിൽ ഉൽപാദിപ്പിച്ച കർഷകന്റെ പേരും സ്ഥലവും രേഖപ്പെടുത്തിയ ടാഗും ചേർത്തിരിക്കുന്നതുവഴി കർഷകന് അന്തസും വ്യക്തിത്വവും ലഭിക്കുന്നു. കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ കിട്ടാമായിരുന്ന വലിയ ജോലി വേണ്ടന്ന് വെച്ച് ആരും കടന്നു വരാത്ത ഈ മേഖലയിൽ വന്നതിനെക്കുറിച്ച് വീട്ടുക്കാർക്ക് ആദ്യം എതിർപ്പായിരുന്നു. പിന്നിട് കൗശലേന്ദ്രയുടെത് മഹത്തായ ഒരു കർമ്മമാണന്ന് മനസ്സിലാക്കിയപ്പോൾ സന്തോഷം തോന്നുന്നുവെന്ന് മാതാപിതാക്കൾ പറയുന്നു

"ബീഹാറിലെ സാധുക്കളായ കർഷകർക്ക് ആശ്വാസം ലഭിക്കുന്ന തന്റെ സ്വപ്ന പദ്ധതിയാണിത്.രാജ്യത്തെ ഹോൾട്ടികൾച്ചർ സെന്ററാക്കി ബീഹാർ സമീപഭാവിയിൽ മാറും"- വ്യത്യസ്തരിൽ വ്യത്യസ്തനായ കൗശലേന്ദ്ര പറയുന്നു. കർഷകരുടെ ഉൽപ്പന്നം മാത്രമല്ല താൻ വിപണനം ചെയ്യുന്നത് അവരുടെ പേരും കൂടിയാണ്. കർഷകൻ ആരാലും തിരിച്ചറിയപ്പെടാത്ത അവസ്ഥയിൽ നിന്ന് ലോകമെങ്ങുമുള്ള മാർക്കറ്റുകളിൽ അവരുടെ പേര് എത്തുന്ന അഭിമാനകരമായ അവസ്ഥയിലേക്ക് എത്തുകയാണ് കൗശലേന്ദ്രയുടെ തനതായ ഈ ഉദ്യമത്തിലൂടെ.

തിലേക്കായി കാര്യങ്ങൾ.

### ആക്രിക്കടകൾക്ക് നല്ലകാലം!

സാധനങ്ങൾ നല്ല കണ്ടീഷനിൽ തന്നെ പഴയസാധനങ്ങൾ വാങ്ങുന്ന കടകളിൽ എത്തിച്ചേരുന്നു. വലിയ കുഴപ്പമില്ലാത്ത ഗൃഹോപകരണങ്ങൾ, സൈക്കിളുകൾ, ഇരുമ്പ് ഫർണിച്ചറുകൾ, പാത്രങ്ങൾ... തുടങ്ങി നിത്യോപയോഗ/പണിയായുധങ്ങൾ വരെ പഴയസാധനമായി നിസ്സാരവിലക്കു ആക്രിക്കടകളിൽ നിന്നും തരപ്പെടുത്താം. അതുകൊണ്ടുതന്നെ മുക്കിന് മുക്കിന് പഴയ സാധനങ്ങളുടെ മാർക്കറ്റുകൾ പെരുകുന്നു, ടൗണുകളിൽ വലിയ കോപ്ലക്സുകളിൽതന്നെ ഇത്തരം കടകൾ പ്രവർത്തിക്കുന്നത് നല്ല ലാഭമുള്ള ഏർപ്പാടായതുകൊണ്ടുതന്നെ!

ഉപയോഗിക്കാവുന്ന സൈക്കിളും, പാത്രങ്ങളും, ഇരുമ്പ് കസേരകളും വാങ്ങാൻ ആളുകൾ തന്റെ പഴയസാധനങ്ങൾ എടുക്കുന്ന കടയിൽ വരാറുണ്ടെന്ന് മഞ്ചേരിയിലെ ഹൈദ്രു പറയുന്നു.

### ജീവിതത്തിലും റീപ്ലേസ്

കേരളത്തിലെ കുടുംബകോടതികളിൽ ചെന്നാൽ തക്കതായ കാരണങ്ങളില്ലാതെ പങ്കാളിയെ ഡിസ്പോസ് ചെയ്യാൻ കൊണ്ടുപിടിച്ച് ശ്രമിക്കുന്നവരെ കാണാം.

"പങ്കാളിയെ നന്നാക്കാനോ സ്വയം കുറ്റം മനസ്സിലാക്കി തിരുത്തുന്നതിനോ തയ്യാറാവാതെ ചെറിയ ചെറിയ കുറ്റവും കുറവും പറഞ്ഞ് ഏത്രയും പെട്ടെന്ന് ഒഴിവാക്കാനാണ് പലരുടെയും തത്രപാട്."- അഭിഭാഷകയായ മിനി മാത്യു പറയുന്നു. ഏത് തെറ്റും ക്ഷമിക്കാൻ കഴിയുന്നവരുടെ കാലം പോയി. സഹിക്കാനും പൊറുക്കാനും, തിരുത്താനും നന്നാക്കാനും ഒന്നും തയ്യാറാവാത്തവരുടെ കാലത്ത് ചെറിയ ഡാമേജ് കണ്ടാൽ തന്നെ റിപ്പയർ ചെയ്യാൻ നിൽക്കാതെ ഒഴിവാക്കുക എന്നതായിട്ടുണ്ട് ശീലം.

### റിപ്പയറിംഗ് കടകൾ ഇല്ലാതാവുന്നു.

വാച്ച് റിപ്പയറിംഗ്, റേഡിയോ/ടി.വി റിപ്പയറിംഗ്, സൈക്കിൾ റിപ്പയറിംഗ് എന്നിങ്ങനെയുള്ള തൊഴിൽ അവസരങ്ങളും കുറഞ്ഞുകൊണ്ടിരിക്കുന്നു. പഴയസാധനം കൊടുത്താൽ പുതിയത് കിട്ടുന്ന എക്സ്ചേഞ്ച് ഷോപ്പുകൾ (മേളകൾ) ഉള്ളപ്പോൾ റിപ്പയറിംഗ് എന്ന വാക്കുതന്നെ പഴഞ്ചനാവുന്നു. സാമാന്യം കുഴപ്പമില്ലാത്ത ബൈക്കുകളും ചെറുവാഹനങ്ങളും വരെ ഇരുമ്പുവിലക്ക് (ഇറച്ചി വിലയ്ക്ക്!) വിറ്റൊഴിവാക്കപ്പെടുന്നു. അൽപ്പം പഴകിയാൽ പിന്നെ ഇരുമ്പ് വിലയെ കണക്കാക്കേണ്ടതുള്ളൂ എന്നായി കാര്യങ്ങൾ !

### ഡിസ്പോസിബൾ ലൈഫ് !

മൊബൈലിന് ചെറിയ വര വന്നാൽ വലിച്ചെറിയാനോ, ബാഗിൽ ചെറിയ കറപറ്റിയാൽ തന്നെ പുതിയത് വാങ്ങാനോ മുതിരുന്ന കുട്ടികളുണ്ടെങ്കിൽ സൂക്ഷിക്കുക! അവർ നിങ്ങളെ ത്തന്നെയാണ് അനുകരിക്കുന്നത്. നന്നാക്കി എടുക്കുന്നതിനേക്കാൾ ലാഭം പുതിയ ഒന്ന് വാങ്ങുന്നതാണ് എന്ന മുദ്രാവാക്യം നമ്മെ അപകടത്തിലാക്കും. കേടുവന്ന സാധനങ്ങളെ കൊണ്ട് നിറഞ്ഞ ഭൂമിയിൽ നിന്ന് മാലിന്യം നിറയ്ക്കാൻ പുതിയ ഗ്രഹം അന്വേഷിക്കേണ്ടിവരും തീർച്ച.

### ജീവിതം തന്നെ വലിച്ചെറിയുമ്പോൾ

ചെറിയ കേടുപാടുകൾ നന്നാക്കിയെടുക്കാം എന്നത് ജീവിതത്തിൽ വെച്ചു പുലർത്തേണ്ട ഒരു നല്ല സമീപനമാണ്. സാധനങ്ങളാവട്ടെ, ജീവിതം തന്നെയാവട്ടെ വലിച്ചെറിഞ്ഞ് പാഴാക്കുന്നതിന് മുമ്പ് ഒന്ന് ചിന്തിക്കുക; ശ്രമിച്ചാൽ നന്നാക്കിയെടുക്കാമല്ലോ എന്ന്. ചെറിയ തിരിച്ചടികൾ വരുമ്പോൾ തന്നെ ജീവിതം പാഴായിപ്പോയി എന്ന് തീരുമാനിച്ച് ജീവിതം സ്വയം ഹത്യയിലേക്ക് വലിച്ചെറിയുന്നവരുടെ എണ്ണം സമൂഹത്തിൽ കൂടുമ്പോൾ നന്നാക്കിയെടുക്കലിന്റെ തത്വശാസ്ത്രത്തിന് പ്രസക്തിയുണ്ട്.

യാത്ര

ശശി കടപ്പൂര്

# അകത്തേക്കും പുറത്തേക്കുമുള്ള യാത്ര



**നമ്മുടെ കൊച്ചു ജീവിതത്തിന് ആഴവും പരപ്പുംനൽകുവാൻ ആത്മാവു തേടിയുള്ള യാത്രകൾ അനിവാര്യമാകുന്നു. പുറത്തേയ്ക്കെന്നതുപോലെ അകത്തേക്കും ആ സഞ്ചാരപഥങ്ങൾ നീണ്ടുപോകേണ്ടതുണ്ട്.**


ഏതോ ഒരു ഗിരിശൃംഗത്തിൽ നിന്നും ഉറവുപൊട്ടി നേർത്ത നൂലിഴകൾ പോലെ, ക്രമേണ വേഗതയും വ്യാപ്തിയും കൈവരിച്ച് ശക്തമായ ഒരു പ്രവാഹമായി മാറി, തോടുകളായും പുഴകളായും രൂപാന്തരപ്പെട്ട് കടലിന്റെ വിശാലതയിൽ വിലയം പ്രാപിക്കേ ഒരു ജലയാത്ര അതിന്റെ ആദ്യഘട്ടത്തെ പൂർത്തിയാക്കുന്നു. എന്നാൽ വീണ്ടും ശക്തമായ സൂര്യതാപത്താൽ ഈ ജലസമൃദ്ധി നീരാവിയായി രൂപംപ്രാപിച്ച് ഉയരങ്ങളിലേക്ക് യാത്രയാവുന്നു.എപ്പോഴോ ബാഷ്പീകരിച്ച് മറ്റൊരു യാത്രയ്ക്കുള്ള തയ്യാറെടുപ്പിനായി.

ഓരോ യാത്രയും തിരിച്ചുവരവിനായുള്ള ഒരു സാദ്ധ്യതയെക്കൂടി ഉൾക്കൊള്ളുന്നു എന്ന പാഠമാണ് ഈ ജലയാത്ര നൽകുന്നത്. ഉയരേനിന്നും ആരംഭിച്ച് താഴ്വാരങ്ങളിലേക്കും, രൂപാന്തരം കൈവരിച്ച് വീണ്ടും ഉയരങ്ങളിലേക്കുമുള്ള ഈ ജലയാത്ര പോലെയാണ് ജീവിതവും! യാത്രകളില്ലാത്ത ജീവിതം പ്രവാഹമില്ലാത്ത ജലാശയം പോലെയാണ്. ഇത്തരം ജലാശയം കാലാന്തരത്തിൽ അഴുക്കുകൾ നിറഞ്ഞ ജീർണ്ണമായി മാറുന്നു.

ഓരോ യാത്രകളും നമുക്ക് എത്രയോ വ്യത്യസ്തമായ അനുഭവങ്ങളാണ് പ്രദാനം ചെയ്യുന്നത്. ചരിത്രവും ഭൂമിശാസ്ത്രവും നരവംശശാസ്ത്രവുമെല്ലാം അതിന്റെ ഭാഗമായി നമ്മിൽ വന്നുനിറയുന്നു. അപരിചിതമായ ഭൂവിസ്തൃതിയിലൂടെ, അപരിമേയമായ ജലരാശിയിലൂടെ, പ്രകൃതിപരമായ ഹരിത സമൃദ്ധിയിലൂടെ, ഓരോ യാത്രയും അനന്തമായിത്തീരാം. അറിയപ്പെട്ടത് എത്രയോ തുച്ഛം; അറിയുവാനുള്ളത് എത്രയോ മിച്ചം. ഓരോ സഞ്ചാരവും ഇതാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. സഞ്ചാരപഥങ്ങൾ ഒന്നാകുന്ന യാത്രികർക്കു പോലും അനുഭവങ്ങൾ വ്യത്യസ്തമായാവാം ഉണ്ടാവുക. സ്ഥലരാശികളും സംവേദനക്ഷമതയും സഞ്ചിതാനുഭവങ്ങളും വിശകലന രീതികളുമെല്ലാം ഇത്തരം വ്യത്യാസങ്ങൾക്കു കാരണമായിത്തീരുന്നു.

ഒരു യാത്രവേളയിൽ വിജനമായ കാട്ടുപാതയിൽ വിരിഞ്ഞുനിന്നിരുന്ന നാൻസൂനിയ എന്ന ചെറുപുഷ്പം ബാഷോ എന്ന പൗരസ്ത്യകവിയിലും, ടെന്നിസൺ എന്ന പാശ്ചാത്യകവിയിലും ഉണർത്തിയ വൈകാരികഭാവത്തെ വെളിപ്പെടുത്തിക്കൊണ്ട് ഓഷോ ഇതു വ്യക്തമാക്കുന്നു.

ആന്തരികതയിലേക്കു സഞ്ചരിക്കുന്ന പൗരസ്ത്യമനസ്സിന് ആ പുഷ്പത്തെ ഇറുത്തെടുക്കുന്നതിനെക്കുറിച്ചോ, കീറിമുറിക്കുന്നതിനെക്കുറിച്ചോ ചിന്തിക്കുവാനാകുന്നില്ല. കാട്ടുപാതയുടെ വിജനതയും ചുറ്റുപാടുകളിലെ ഹരിതവർണവും വൃക്ഷശാഖികൾക്കിടയിലൂടെ അരിച്ചെത്തുന്ന നേർത്ത പ്രകാശവും ചേർന്ന ഒരു പശ്ചാത്തലത്തിലാണ് ബാഷോവിന്റെ മിഴികൾ ആ പൂവിലേക്ക് ചെന്നണയുന്നത്. ഹിമകണങ്ങളാൽ ആവൃതമായി, അരുണശോഭയാൽ പ്രശോഭിതമായി ഇളംകാറ്റിൽ നൃത്തമാടിനിന്ന ആ പൂവിനു മുന്നിൽ ബാഷോ നമ്രശിരസ്കനായി. വിരിഞ്ഞുനിൽക്കുന്ന ആ പ്രപഞ്ചചേതനയ്ക്കു മുന്നിൽ വിസ്മയഭാവത്തോടെ ആ കവി സ്വയം മറക്കുന്നു. എന്നാൽ ടെന്നിസനാവട്ടെ തന്റെ ചിന്തകളെ ആ പൂവിന്റെ വംശാവലിയിലേക്കും, ആണ്ടുപോവുന്ന അതിന്റെ വേരുകളിലേക്കും, ദലങ്ങളിൽ പടരുന്ന അതിന്റെ വർണ്ണങ്ങളിലേക്കും പായിച്ചു. പൂവിനേയും അതുൾക്കൊള്ളുന്ന ചെടിയേയും അതിന്റെ ജൈവപരവും രാസപരവുമായ ഘടനാവിശേഷങ്ങളേയും വിശകലനം ചെയ്യുന്ന ടെന്നിസന്റെ മനസ്സ് ഒരു ശാസ്ത്രകാരന്റേതായി മാറി. ഒരാൾ വസ്തുവിനെ സംശ്ലേഷണത്തിലൂടെ അനുഭവിക്കാൻ ശ്രമിച്ചപ്പോൾ മറ്റേയാൾ വിശ്ലേഷണത്തിലൂടെയാണ് അതിനു ശ്രമിച്ചത്.



ആന്തരികമായ അനുഭൂതിയുടെ കാതൽ ഉള്ളവർക്കേ യാത്രയുടെ സുഖ-ദുഃഖ തീവ്രതകളിലൂടെ ഒരേപോലെ സഞ്ചരിക്കുവാൻ കഴിയൂ. കരുണയുടെ പാതയിലൂടെയാവാം എല്ലായ്പ്പോഴും അവരുടെ യാത്രകൾ. ധനത്തിന്റെയും ധാരാളിത്തത്തിന്റെയും പാഴ്നിലങ്ങളിലൂടെയുള്ള യാത്രകൾ അവരിൽ വിരസത ഉളവാക്കുന്നു. എന്നാൽ ഇല്ലായ്മയുടെയും ദുരിതങ്ങളുടെയും കനൽവഴികളിലൂടെ കാതങ്ങൾ നടന്നാലും തളരാത്ത മനസ്സുമായി അവർക്കു മുന്നേറുവാൻ കഴിയും, അവരുടെ യാത്രാവിവരണങ്ങൾ അധികാര വാഴ്ചയുടെയും ആധിപത്യത്തിന്റെയും സ്തുതിഗീതങ്ങൾ ആവുകയില്ല. പൊങ്ങച്ചത്തിന്റെ കെട്ടുകാഴ്ചകൾക്കിടയിലും അവരുടെ മിഴികൾ ദൈന്യതയുടെയും നിരാലംബതയുടെയും വിളനിലങ്ങളിലേക്കാവും സഞ്ചരിക്കുക.

ആഗ്രയെക്കുറിച്ചോർക്കുമ്പോൾ ഇന്നും ദയനീയമായൊരു ചിത്രം രണവാർച്ചയോടെ എന്റെ മുന്നിൽ ഉയർന്നു നിൽക്കുന്നു. ഒരുനേരത്തെ ആഹാരത്തിനായി റിക്ഷാവലിക്കുന്ന മനുഷ്യന്റെ വറ്റിവരണ്ട കണ്ണുകൾ താജ്മഹലിന്റെ സൗന്ദര്യസങ്കല്പത്തിൽ ഒരു പുഴുക്കുത്തുപോലെ എന്റെ മുന്നിൽ ഇഴയുന്നു. പുരിയിലെ പരിപാവനമെന്നു പറയുന്ന ജഗന്നാഥക്ഷേത്രത്തിനു മുന്നിൽ നില്ക്കുമ്പോൾ കണ്ട കാഴ്ച മറ്റൊന്നായിരുന്നു. ക്ഷേത്രവീഥികളിലൂടെ അണിയണിയായ് നടന്നുനീങ്ങുന്ന കുഷ്ഠരോഗികളുടെ നീണ്ടനിര. ചോറുവെയ്ക്കുന്ന പാത്രം മലമൂത്രവിസർജ്ജനമൊഴുകുന്ന ജലത്തിൽ കഴുകുന്ന വൃദ്ധ, എല്ലരിച്ച് നഗ്നത മറയ്ക്കാൻ കഴിയാതെ അസ്ഥികാലുകളുമായി കിതച്ചും ശ്വാസംപിടിച്ചും ഓടുന്ന നരജന്മങ്ങൾ. എച്ചിൽ വീപ്പകളിൽ അന്നന്നത്തെ അപ്പം തേടുന്ന ഭാവി തലമുറ.......

മേരി ടെയ്‌ലർ എന്ന വനിത My Years



ജീവിത വീക്ഷണം

എസ് ശാന്തി

# ജീവിതം ലളിതമാക്കാം

**ആഗോളതാപന കാലത്ത് ഏറ്റവും ചെറുത് അനിതരസാധാരണവും അത്യത്ഭുതകരവുമായ സംതൃപ്തിയുടെ ഫലം തരും എന്നു കരുതിയാലേ മനുഷ്യനു നഷ്ടപ്പെടുന്ന നില നില്ക്കാനുള്ള അവകാശം നമുക്കു വീണ്ടെടുക്കാനാവൂ.**

ജീവിതം ഒരു പ്രാർത്ഥനയും ധ്യാനവുമാകട്ടെ. നമ്മുടെ എണ്ണവും ആവശ്യങ്ങളും കുറയ്ക്കാം. മനുഷ്യക്കുഞ്ഞുങ്ങൾക്കൊപ്പം ആനക്കുട്ടികളും തിമിംഗലക്കുഞ്ഞുങ്ങളും പൂമ്പാറ്റകളും ലോകത്തു പെരുകട്ടെ. ഉപയോഗം കുറച്ച് നമുക്കു കൂടുതൽ ചിന്തിക്കാം, പ്രകൃതിവ്യവസ്ഥയുടെ ഭാഗമാവാനും മനുഷ്യനെന്ന ജീവിയുടെ യഥാർത്ഥ ജീവിതധർമ്മം കണ്ടെത്താനുമുള്ള വഴികൾ ഒറ്റയ്ക്കും കൂട്ടായും അന്വേഷിക്കാം. വസ്തുക്കൾ പങ്കിട്ടും കടമെടുത്തും കടം കൊടുത്തും സുഖമായും സന്തോഷമായും ജീവിക്കാൻ പഠിക്കാം. ചെറുതാണു സുന്ദരം എന്ന് ഇ.എഫ്.ഷൂമേക്കർ എന്ന തത്വജ്ഞാനി പണ്ടൊരിക്കൽ പറഞ്ഞിട്ടുണ്ട്, ആഗോളതാപന കാലത്ത് ഏറ്റവും ചെറുത് അനിതരസാധാരണവും അത്യത്ഭുതകരവുമായ സംതൃപ്തിയുടെ ഫലം തരും എന്നു കരുതിയാലേ മനുഷ്യനു നഷ്ടപ്പെടുന്ന നിലനില്ക്കാനുള്ള അവകാശം നമുക്കു വീണ്ടെടുക്കാനാവൂ. അവകാശത്തേക്കാൾ ഇതു നമുക്കു നൽകുക ജൈവിക ചുമതലകളും ജീവിതാനന്ദവുമായിരിക്കും.

ജീവനാണ് ഭൂമിയെ അനന്യയാക്കുന്നത്. ജീവന്റെ ഏറ്റവും സവിശേഷ സ്വഭാവം സ്വയം രൂപവൽക്കരിക്കാനും പ്രവർത്തനക്ഷമമാക്കാനുമുള്ള അതിന്റെ കഴിവാണ്. പ്രപഞ്ചത്തിലെ മറ്റെല്ലാ ഘടകങ്ങളും ക്രമരാഹിത്യത്തിലേയ്ക്ക് (Entropy) നീങ്ങുമ്പോൾ, ജീവൻ അതിന്റെ ചുറ്റുപാടുകളിൽ വ്യവസ്ഥയും ക്രമവും സൃഷ്ടിക്കുന്നു, ജീവനു സ്വന്തം പരിസരത്തേയും പരിസ്ഥിതിയെയും സ്വാധീനിക്കാനും ജീവന് ഉതകുന്ന രീതിയിൽ മാറ്റാനും കഴിയും, ഒരുപക്ഷേ മനുഷ്യനെന്ന പ്രകൃതി വിരുദ്ധ ജീവിയെ പരിണാമധാരയിൽനിന്ന് ഒഴിവാക്കിയിട്ടായിരിക്കാം ജീവമണ്ഡലം (ഗയ) അവളുടെ സുസ്വരത വീണ്ടെടുക്കുക.

ഒരു ശരീരത്തിലെ അവയവങ്ങൾപോലെ ഭൂമിയുടെ - ഗയയുടെ - എല്ലാ ഭാഗങ്ങളും ജീവജാലങ്ങളും നിതാന്തമായ പരസ്പരാശ്രിത, പരസ്പരബന്ധിത, പരസ്പരപൂരക പ്രതിപ്രവർത്തനത്തിലാണ്. അത്തരമൊരു വ്യവസ്ഥയിൽ നാമുണ്ടാക്കുന്ന ഒരു മാലിന്യവും നമ്മുടെ കൺമുമ്പിൽനിന്നു ദൂരെയെറിഞ്ഞ്, അവയെ വിസ്മരിച്ച്, നമുക്ക് നമ്മുടെ ഇടം വൃത്തിയാക്കയെന്നു നടിച്ചു സുഖമായി ജീവിക്കാനാവില്ലതന്നെ. ഓരോ ജീവവംശനാശവും ഓരോ പ്രകൃതിനാശവും നമ്മെ ആത്മഹത്യയിലേയ്ക്കു നയിക്കുന്ന അംഗച്ഛേദം തന്നെയാണ്. ഇന്നത്തെ ലോകത്തിന്റെ യഥാർത്ഥ സ്ഥിതിവിശേഷം നമുക്കു തീർച്ചയായും നിലനിൽക്കാനുള്ള തീവ്രമായ ആഗ്രഹവും ജൈവലോകത്തോട് മൊത്തം ചുമതലാബോധവും അതായത് യഥാർത്ഥ പാരിസ്ഥിതികവിവേകവും പ്രകൃതി നീതിബോധവും നൽകേണ്ടതാണ്. ഈ സമഗ്ര ലോകദർശനത്തിനു പകരം ആധുനിക ലോകത്ത് ഇന്നു വ്യാപകമാകുന്നതു വളരെ സങ്കുചിതവും ഉപരിവിപ്ലവവുമായ സ്വാർത്ഥതാൽപര്യങ്ങളാണ്. മനുഷ്യപ്രവൃത്തികളെയും ജീവിതത്തെയും മറ്റെല്ലാറ്റിൽനിന്നും വേറിട്ടു കാണുന്ന പ്രവണതയാണ് പൊതുവെ കാണുന്നത്. ഈ സങ്കുചിത ലോകവീക്ഷണമാണു നമ്മുടെയെന്നല്ല ജീവന്റെ തന്നെ നിലനില്പ്പിന് ഏറ്റവും വലിയ ഭീഷണിയാവുന്ന ആഗോള കാലാവസ്ഥാമാറ്റത്തിനു കാരണമായിത്തീർന്നിരിക്കുന്നത്.

ഭൂമിയുടെ തെർമോസ്റ്റാറ്റിനെ തകർക്കുന്ന മനുഷ്യന്റെ നാഗരിക സംസ്കാരത്തെ ആഗോളകാലാവസ്ഥാമാറ്റത്തിലൂടെ ഭൂമി ഉൻമൂലനം ചെയ്തേക്കാം, പക്ഷേ മനുഷ്യനിന്നുണ്ടാക്കുന്ന നാശത്തെ ഭൂമിയെങ്ങനെയാവും മനുഷ്യന്റെ കാലശേഷം തിരുത്തുക? അത് കാലത്തിലൂടെ ഉരുത്തിരിയുന്ന ഉത്തരമാണ്. മറിച്ച് ഇന്നു ജീവിച്ചിരിക്കുന്ന നമുക്കു നിശ്ചയമായും പ്രയോഗികമാക്കാവുന്ന കുറേയേറെ തിരുത്തലുകളിലൂടെ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ നാശത്തിന്റെ വ്യാപ്തിയും ശക്തിയും കുറയ്ക്കാം. അപൂർണ്ണമെങ്കിലും ഇന്നുള്ള അറിവിന്റെ വെളിച്ചത്തിൽ ജീവലോകത്തിനു സംഭവിക്കുന്ന നാശത്തെ കുറച്ചെങ്കിലും തിരുത്താനും മനുഷ്യവംശം ഒന്നിച്ചു പ്രവർത്തിച്ചാൽ തീർച്ചയായും സാദ്ധ്യമാണ്. നമ്മളെ തിരുത്താനും സ്വയം മാറാനും നമുക്ക് ഉപയോഗിക്കാനാവുന്ന ഒരു വെല്ലുവിളിയാണ് ആഗോളകാലാവസ്ഥാമാറ്റം.

(എസ്. ശാന്തി രചിച്ച *ശീലങ്ങൾ മാറ്റാൻ സമയമായി* എന്ന പുസ്തകത്തിൽനിന്ന്.)

---

*അകത്തേക്കും പുറത്തേക്കും.....*

*പേജ് 5 തുടർച്ച:*

in Indian Prison എന്ന ഗ്രന്ഥത്തിൽ എഴുതിയ ചില കാഴചകളാണ് മുകളിൽ സൂചിപ്പിച്ചത്. താജ്മഹലിന്റെ സൗന്ദര്യവും, കാശിയുടെയും വാരണാസിയുടെയും ആത്മീയ സൗരഭ്യവും തേടിയെത്തിയ ആ യാത്രികയ്ക്ക് അവിടെ കണാനായത് നരകിക്കുന്ന മനുഷ്യാ വസ്ഥകളും ദുർഗന്ധം വമിക്കുന്ന അന്തരീക്ഷവുമാണ്. ഒരുപക്ഷേ തീർത്ഥാടകരായവിടെ എത്തിയവരിൽ ഇവർക്കുമാത്രമാവാം ആഴങ്ങളെ ആർദ്രമാക്കുന്ന ഇത്തരം അനുഭവങ്ങൾ ഉണ്ടായത്. കാരണം പുറത്തേക്കുള്ള യാത്രയോടൊപ്പം തന്നെ ആത്മാവിലേക്ക് ആമഗ്നമാകുന്ന അകം യാത്രയും ഇവരിൽ സംഭവിച്ചിരുന്നു.

ഇവിടെ പുറം കണ്ണുകൾ മാത്രമാണ് നമ്മുടെ യാത്രയിലെ ദൃശ്യാനുഭവങ്ങളെ സഹായിക്കുന്നത്. പക്ഷേ കവി പറയുന്നു -

*കണ്ണുവേണമിരുപുറമെപ്പോഴും*
*കണ്ണുവേണം മുകളിലും താഴെയും*
*കണ്ണിലെപ്പോഴും കത്തിജ്ജ്വലിക്കു-*
*മുൾക്കണ്ണുവേണമണയാത്ത കണ്ണുകൾ*
(കടമ്മനിട്ട)

ഈ അകക്കണ്ണിലെ കാഴചകൾ മാത്രമാണ് നമ്മുടെ സഞ്ചാരത്തിൽ യഥാർത്ഥ അനുഭവത്തെ പ്രദാനം ചെയ്യുന്നത്. പരിധിയിൽ നിന്നും കേന്ദ്രത്തിലേക്കുള്ള ഒരു മടക്കമാണ് അവിടെ സംഭവിക്കുക. അത്തരമൊരു യാത്രയിലാണ് ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി കണ്ടെത്തിയത്, മറ്റൊരിക്കൽ ഇന്ത്യയുടെ ഒരറ്റത്തുനിന്നും മറ്റേ അറ്റത്തേക്ക് യാത്രചെയ്ത വിവേകാനന്ദൻ പറഞ്ഞു: ഞാൻ ഇതാ മതം, ഇതാ ദൈവം എന്നു പറഞ്ഞു കൊണ്ട് ഭാരതാംബയുടെ മക്കളെ സമീപിച്ചപ്പോഴൊക്കെ, എവിടെ ഭക്ഷണം? എവിടെ പാർപ്പിടം? എന്ന മറുചോദ്യമായിരുന്നു എന്നെ എതിരേറ്റത്. അതുകൊണ്ടാണ് അദ്ദേഹത്തിന് പറയേണ്ടിവന്നത്; അനാഥബാലന്റെ വയറിന് അപ്പക്കഷണത്തെ നൽകാൻ കഴിയാത്ത, വിധവയുടെ കണ്ണുനീരൊപ്പാൻ കഴിയാത്ത, ദൈവത്ത അഥവാ മതത്തെ ഞാൻ ആരാധിക്കുകയില്ല എന്ന്. ഇങ്ങനെ യാത്രകൾ എത്രയോ പാഠങ്ങളാണ് നമുക്കു പകർന്നുതരുന്നത്. സന്തോഷത്തിന്റെയും സങ്കടത്തിന്റെയും കരുണയുടെയും വാത്സല്യത്തിന്റെയും പാഠങ്ങൾ.



ജീവിതത്തിന്റെ ലളിതപാഠങ്ങൾ

അക്കു

**ഒറ്റപ്പെട്ട ചില സിനിമകളൊഴിച്ചുനിർത്തിയാൽ അഭിനേതാക്കൾ, സാങ്കേതിക വിദഗ്ധർ , താമസം, ഭക്ഷണം, വാഹനം, മദ്യം... അങ്ങനെ സിനിമാ നിർമ്മാണച്ചെലവുകൾ കനത്തതാണ്. ചെറിയ ടെലിഫിലിമുകൾ പോലും ധൂർത്തിൽ വിഭിന്നരല്ല. ആഗോളവൽക്കരണം ചവച്ചുതുപ്പിയ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പറയുന്ന ജനകീയ സിനിമക്കാരും നക്ഷത്ര സൗഭാഗ്യങ്ങൾ വേണ്ടെന്നു വെക്കാറില്ല. സ്ത്രീത്വത്തിന്റെ വിഹ്വലതകൾ പറയുന്ന സിനിമാക്കാരിൽ പലരും സ്ത്രീയെ മാംസനിബദ്ധമായി മാത്രം കാണുന്നവരാണ്.**

# സിനിമയും മത്തൻ വള്ളിയും

ഒരു സിനിമാ ഷൂട്ടിംഗിനിടയിൽ മത്തൻ വള്ളിക്കെന്തുകാര്യം?

നിസ്സാരമായി തോന്നുന്ന ഒരു കാര്യമാണ് പറയുന്നത്.

ഒരു വർഷം മുമ്പ് സിനിമ മനസ്സിൽ കൊണ്ടുനടക്കുന്ന സുഹൃത്തിന്റെ ആദ്യസിനിമാ സംരംഭത്തിൽ നേതൃത്വപരമായ പങ്കാളിത്തം നിർവ്വഹിക്കേണ്ട സാഹചര്യം എനിക്കുണ്ടായി. കച്ചവടമൂല്യങ്ങൾ തൊട്ടുതീണ്ടാത്ത തിയേറ്ററുകളിലോ ചാനലുകളിലോ ലക്ഷ്യം വെക്കാത്ത ഈ സിനിമയുടെ പിന്നണിക്കാർ ഞങ്ങൾ കുറച്ച് സുഹൃത്തുക്കളായിരുന്നു. അതുകൊണ്ടുതന്നെ പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് - കൺട്രോളർ പദവികൾക്കപ്പുറം എല്ലാ പണികളും ഞങ്ങൾ കൂട്ടുത്തരവാദിത്തത്തോടെ നിർവ്വഹിച്ചു.

സിനിമയിലെ ഏതാനും സീനുകൾക്ക് അനുയോജ്യമായതിനാൽ എന്റെ വീട് ചിത്രീകരണത്തിന് വിട്ടുകൊടുക്കാൻ ഞാൻ സമ്മതിച്ചു. ഷൂട്ടിംഗ് ദിവസം എന്റെ അയൽക്കാരെല്ലാം സഹകരണത്തിന് തയ്യാറായി. പേരുകേട്ട നടീനടൻമാരൊന്നുമില്ലെങ്കിലും സിനിമയുടെ പിന്നണി കൗതുകങ്ങൾ കാണാൻ എല്ലാവരും കാത്തുനിന്നു.

ക്യാമറയും ലൈറ്റും ജനറേറ്ററും ട്രോളിയുമെല്ലാം വഹിച്ചുവരുന്ന സിനിമായൂണിറ്റിന്റെ കുറ്റൻ ബസ്സിന് പാകമായിരുന്നില്ല ഞങ്ങളുടെ ടാർചെയ്യാത്ത കൊച്ചു പാത. വഴിയിലെ പൊന്തക്കാടുകളെ മെതിച്ചുകൊണ്ട് വന്ന ബസ്സ്, ചാഞ്ഞുനിന്ന റബ്ബർ മരത്തിന്റെ കൊമ്പ് തടഞ്ഞ് വഴിയിൽ നിന്നു. റബ്ബറിന്റെ ഉടമസ്ഥനായ എന്റെ അയൽവാസി നീരസം പ്രകടിപ്പിക്കാതെ മരത്തിന്റെ ശിഖരങ്ങൾ വെട്ടാൻ സമ്മതിച്ചു, തടസ്സങ്ങൾ നീക്കി വന്ന ബസ്സ് നേരെ, എന്റെ തൊട്ടടുത്ത അയൽക്കാരായ കർഷക കുടുംബത്തിന്റെ മുറ്റത്തേക്ക് തിരിഞ്ഞു. വണ്ടി നിർത്താൻ ആ മുറ്റത്തേ സ്ഥലമുള്ളു. സിനിമാ വണ്ടി സ്വന്തം മുറ്റത്ത് നിർത്താൻ അവർക്ക് സന്തോഷമേയുള്ളു പക്ഷേ വലുപ്പമേറെയുള്ള ആ വണ്ടി ഒതുക്കി നിർത്താൻ മുന്നോട്ടും പിന്നോട്ടും നീങ്ങുന്നതിനിടെ എന്റെ അയൽക്കാർ അരുമയോടെ നട്ടുപിടിപ്പിച്ച ചെടികൾ പലതും ചതഞ്ഞരഞ്ഞു. കൊയ്ത്തു മെതിയ്ക്കായി മണ്ണിട്ട് അടിച്ചു നിരപ്പാക്കി വൃത്തിയാക്കിയ മുറ്റം പാടെ തകർന്നു, എങ്കിലും അയൽപക്കബന്ധത്തിന്റെ ഉദാത്തമാതൃക പ്രദർശിപ്പിച്ചും സിനിമാകൗതുകങ്ങളിൽ താൽപ്പര്യം കാണിച്ചും അയൽക്കാർ പ്രസന്ന മുഖം പ്രദർശിപ്പിച്ചു.

കിളികളും മരങ്ങളും നിറഞ്ഞ ഞങ്ങളുടെ ഉൾപ്രദേശത്തിന്റെ പ്രശാന്തതയെ ഭേദിച്ചു കൊണ്ട് വലിയ ശബ്ദത്തോടെ പുകവമിച്ചുകൊണ്ട് ജനറേറ്റർ പ്രവർത്തിച്ചുതുടങ്ങി. ലൈറ്റുകൾ തെളിഞ്ഞു സിനിമക്കാരുടെയും ഷൂട്ടിംഗ് കാണാനെത്തിയവരുടേയും സർവ്വത്ര ബഹളം!

വൈകുന്നേരത്തോടെ ഷൂട്ടിംഗ് അവസാനിച്ചു, പ്ലാസ്റ്റിക്ക് നിരോധിത മേഖലയായി ഞാൻ വിശുദ്ധിയോടെ കൊണ്ടുനടക്കുന്ന പത്ത് സെന്റ് തൊടിയിൽ പ്ലാസ്റ്റിക് കപ്പുകളും പ്ലേറ്റുകളും നിരന്നു കിടക്കുന്നു.(അതുപെറുക്കി കൂട്ടാൻ സംവിധായകനടക്കം സഹകരിച്ചതിനു ശേഷമാണ് സെറ്റ് വിട്ടത്.)

കുറ്റൻ ബസ്സ് അയൽക്കാരുടെ മുറ്റത്തുനിന്ന് നിരങ്ങിയിറങ്ങി. അപ്പോഴാണ് ഞാൻ കണ്ടത് ബസ്സിന്റെ ചക്രത്തിനടിയിൽപ്പെട്ട് ചതഞ്ഞരഞ്ഞുകിടക്കുന്ന മത്തൻവള്ളി! മത്തപ്പൂക്കൾ പേറി പ്രസ്സന്നതയോടെ പടർന്നു കിടന്ന മത്തൻവള്ളി പുർണ്ണമായും ചതഞ്ഞ് ചമ്മന്തിയായിരിക്കുന്നു!

വൻതുക ചെലവിട്ട് നടക്കുന്ന ഒരു സിനിമാ ഷൂട്ടിംഗിനിടക്ക് ഇത്തരം നിസ്സാരകാര്യങ്ങൾ ആരു ശ്രദ്ധിക്കുന്നു? വേണമെങ്കിൽ നഷ്ടപരിഹാരം കൊടുക്കാനുള്ള സന്മനസ്സു കാണിച്ചെന്നും വരും.

ഒരു മത്തൻ വള്ളി ചതഞ്ഞരഞ്ഞതിനപ്പുറം സിനിമയുടെ വൻ സന്നാഹങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു തരം അധിനിവേശ മുഖമുണ്ട്. നമ്മൾ മഹത്തരമായി കൊണ്ടുനടക്കുന്ന ചെറിയ സിനിമകൾക്കുപോലും വല്ലാത്തൊരുഹിംസാത്മകതയുണ്ട്. ആളും അർത്ഥവും വ്യയം ചെയ്യുന്ന ഹിംസമുഖം.

ഇത് സിനിമ എന്ന സാങ്കേതിക കാലാരൂപത്തിന്റെ അടിസ്ഥാന പ്രശ്നമാണ്. സാങ്കേതികത്വമില്ലാതെ സിനിമ പിറവികൊള്ളില്ലല്ലോ. കവിത പോലെ ലളിത സുന്ദര സിനിമയെടുക്കാനും വൻ സാങ്കേതികത്വത്തിന്റെ കൂട്ടുവേണം.

ഒറ്റപ്പെട്ട ചില സിനിമകളൊഴിച്ചുനിർത്തിയാൽ അഭിനേതാക്കൾ, സാങ്കേതിക വിദഗ്ധർ , താമസം, ഭക്ഷണം, വാഹനം, മദ്യം... അങ്ങനെ സിനിമാ നിർമ്മാണച്ചെലവുകൾ കനത്തതാണ്. ചെറിയ ടെലിഫിലിമുകൾ പോലും ധൂർത്തിൽ വിഭിന്നരല്ല. ആഗോളവൽക്കരണം ചവച്ചുതുപ്പിയ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പറയുന്ന ജനകീയ സിനിമക്കാരും നക്ഷത്ര സൗഭാഗ്യങ്ങൾ വേണ്ടെന്നു വെക്കാറില്ല. സ്ത്രീത്വത്തിന്റെ വിഹ്വലതകൾ പറയുന്ന സിനിമാക്കാരിൽ പലരും സ്ത്രീയെ മാംസനിബദ്ധമായി മാത്രം കാണുന്നവരാണ്.

ജനങ്ങളുടെ നികുതിപ്പണം കൊടുത്ത് സർക്കാർ സഹായിക്കുന്ന കലാമൂല്യമുള്ള സിനിമാനിർമ്മാണങ്ങളിലും ചലച്ചിത്ര മേളകളിലും ആർഭാടവും ധൂർത്തും ഒട്ടും കുറവല്ല.

നാടകത്തിന്റെ ലാളിത്യവും മാനവികതയും സിനിമയിൽ പ്രതീക്ഷിക്കരുതല്ലോ. എങ്കിലും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും വിഭവങ്ങളുടെ ധൂർത്ത് കുറച്ചും ലളിതവും പരിസ്ഥിതി - മാനവ സൗഹൃദപരവുമായ ഒരു സിനിമാ നിർമ്മാണ സംസ്കാരം വളർന്നു വരേണ്ടതുണ്ട്

## ദയവായി സഹായിക്കാമോ?

സുഹൃത്തേ,

ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ചെറുതിന്റെ ദർശനം അന്വേഷിക്കുന്ന ലിറ്റിൽ മാസികക്ക് ആശയ പരമായ തുറന്ന സംവാദം സന്തോഷകരമാണ്. ദയവായി നിങ്ങളുടെ വിലപ്പെട്ട നിരീക്ഷണങ്ങളും പ്രതികരണങ്ങളും അയച്ചു തരിക. പറ്റുമെങ്കിൽ 16 ലക്കങ്ങൾക്ക് 100 രൂപ അയച്ചുതന്നും സുഹൃത്തുക്കൾക്ക് മാസിക പരിചയപ്പെടുത്തിയും സഹായിക്കാവുന്നതാണ്.

**16 ലക്കം 100 രുപ**
**ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ,**
**മലപ്പുറം - 679334**

ചെറിയ പത്രങ്ങളും പത്രാധിപന്മാരും

റോഷൻ അരീക്കോട്

# ‘വര’യുടെ പത്രമാർഗം

## കൊണ്ടോട്ടിയിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന ‘വര’ മാസികയെക്കുറിച്ചും അതിന്റെ സാംസ്കാരിക ഇടപെടലുകളെക്കുറിച്ചും.....



‘വര’ പത്രാധിപർ
റസാഖ് പയമ്പ്രോട്ട്

“ആരും പറയാൻ തയ്യാറല്ലാത്ത കാര്യങ്ങൾ പറയുക എന്നതാണ് ലിറ്റിൽ മാഗസിനുകളുടെ ദൗത്യം. അതുകൊണ്ടുതന്നെ ലിറ്റിൽ മാഗസിനുകൾ നിലനിൽക്കണം”. റസാഖ് പയമ്പ്രോട്ട് എന്ന പത്രപ്രവർത്തകൻ ഇതു പറയുന്നത് കേവലം ഭംഗി വാക്കായിട്ടല്ല. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി പട്ടണത്തിലും പരിസരത്തും ‘വര’ യെന്ന ലിറ്റിൽ മാഗസിൻ തുടങ്ങി പിന്നീടത് സായാഹ്ന പത്രം വരെയെത്തിയ അനുഭവ ചരിത്രം അദ്ദേഹത്തിനു കൈമുതലായുണ്ട്.

സ്കൂൾ പഠന കാലത്തു തന്നെ എഴുത്തിനോട് താല്പര്യം. കൊട്ടപ്പുറം വായനശാലയിൽ കയ്യെഴുത്തു മാഗസിൻ മാസാന്തം ഇറക്കുമായിരുന്നു. കൂടെ സുഹൃത്തായ ടി എ റസാഖും(സഹോദരീഭർത്താവും ഇപ്പോൾ പ്രമുഖ തിരക്കഥാകൃത്തും) സഹായത്തിനുണ്ടായിരുന്നു. അത് പിന്നീട് അച്ചടിയിലെത്തി. 1987 ലാണ് ഡെമ്മി 1/4 സൈസിൽ 32 പേജുള്ള ‘വര’ സാഹിത്യ മാസിക ആരംഭിച്ചത്. 30 രൂപ തോതിൽ വാർഷിക വരിസംഖ്യ പിരിച്ചെടുത്ത് 22,000 രൂപ മൂലധനത്തിലായിരുന്നു വര മാസികയുടെ തുടക്കം. അന്ന് കെ എസ് ആർ ടി സി ജീവനക്കാരനായിരുന്ന ടി എ റസാഖ് കേരളത്തിലെ വിവിധ ഡിപ്പോകളിലുള്ള സുഹൃത്തുക്കളെ വരി ചേർത്തു. സൗഹൃദത്തിന്റെ ഭാഗമായി ഒരു വീട്ടിൽ നിന്നു തന്നെ ഒന്നിലധികം വരിക്കാരെ ചേർത്തിരുന്നു. സംഭാവന പിരിക്കുന്നതു പോലെയായിരുന്നു വരിക്കാരെ ചേർത്തിരുന്നത്. പോസ്റ്റൽ കൺസഷൻ ഉണ്ടായിരുന്നതിനാൽ എല്ലാവർക്കും കോപ്പികൾ തപാലിൽ അയക്കുമായിരുന്നു. രണ്ടു രൂപ വിലയുള്ള വരയുടെ പകുതിയിലധികവും വായനക്കാർ കെ എസ് ആർ ടി സി ജീവനക്കാർ തന്നെയായിരുന്നു. കേരളത്തിലെ പ്രമുഖ ബുക്സ്റ്റാളുകളിലേക്ക് പതിവായി വര മാസിക തപാലിൽ അയച്ചു കൊടുത്തിരുന്നു.

ഇ എം എസ്, എം എൻ വിജയൻ, മാധവിക്കുട്ടി, അഴീക്കോട്, എം ടി, സുഗതകുമാരി, കാക്കനാടൻ തുടങ്ങി കേരളത്തിലെ അറിയപ്പെടുന്ന മുഴുവൻ എഴുത്തുകാരുടെയും മൗലിക സൃഷ്ടികൾ ഒരു തവണയെങ്കിലും പ്രസിദ്ധീകരിക്കാനായത് വരയുടെ പ്രത്യേകതയായി പയമ്പ്രോട്ട് അവകാശപ്പെടുന്നു. ശിഹാബുദ്ദീൻ പൊയ്ത്തുംകടവിനെ പോലെയുള്ള അക്കാലത്തെ പുതിയ എഴുത്തുകാരെ പരിചയപ്പെടുത്താനും വരക്ക് സാധിച്ചിരുന്നു. ലിറ്റിൽ മാഗസിനുകൾക്കായി എഴുതിക്കിട്ടുന്നത് അപൂർവമായതിനാൽ പ്രമുഖരുടെ പ്രഭാഷണങ്ങൾ കേരളത്തിൽ എവിടെയുണ്ടെങ്കിലും ടേപ്പ് റിക്കാർഡറുമായി പോയി റിക്കാർഡ് ചെയ്ത് വരയിൽ പ്രസിദ്ധീകരിക്കുമായിരുന്നു. ഇതിനായി മലയാളക്കരയാകെ സഞ്ചരിച്ചു. ഈ യാത്രകളിൽ ട്രെയിൻ, ബസ് തുടങ്ങി പ്രഭാഷണസ്ഥലങ്ങളിൽ വരെ വരയുടെ വില്പനയും നടത്തി. കേരളത്തിലെ ഒട്ടുമിക്ക എല്ലാ റയിൽവേ സ്റ്റേഷനിലും വര വില്പനക്കു വെക്കാനും പണം പിരിച്ചെടുക്കാനും വില്ക്കാത്ത കോപ്പികൾ തിരിച്ചെടുക്കാനും ഈ യാത്ര ഉപയോഗപ്പെടുത്തി. വരയിലേക്ക് വരുന്ന എല്ലാ കത്തുകൾക്കും പോസ്റ്റ് കാർഡിൽ ഉടനെ തന്നെ മറുപടി എഴുതി വായനക്കാരുമായി നേരിട്ട് ബന്ധം പുലർത്തി.

കലാകൗമുദി ആഴ്ചപ്പതിപ്പിൽ വര പരാമർശിക്കപ്പെട്ടത് നല്ലൊരനുഭവമായിരുന്നു. ‘ആയിരം രൂപയും മുള്ളൂരും ഉണ്ടെങ്കിൽ’ എന്ന തലക്കെട്ടിൽ യു എ ഖാദറുമായുള്ള അഭിമുഖം വരയിൽ പ്രസിദ്ധീകരിച്ചതിനെ എം കൃഷ്ണൻ നായർ സാഹിത്യവാരഫലത്തിലൂടെ വിമർശിച്ചു. പുതിയ എഴുത്തുകാരെയും മലയാള പുസ്തകങ്ങളെയും വാരഫലം പരാമർശിക്കാറില്ല എന്ന യു എ ഖാദർ അഭിമുഖത്തിൽ പരാമർശിച്ചതിനെ ‘കോഷൻ ബോർഡ്’ എന്ന തലക്കെട്ടിൽ കൃഷ്ണൻ നായർ ഇങ്ങനെ എഴുതി : ‘യു എ ഖാദർ വണ്ടി ഓടിക്കുന്നു. സൂക്ഷിക്കുക.’ ഇത് കോട്ട് ചെയ്ത് വര പിന്നെയും എഴുതി. അതിനും വന്നു അടുത്ത മറുപടി.

1989 ൽ ടി എ റസാഖ് സിനിമയിൽ സജീവമായതോടെ വരയുടെ പ്രവർത്തനം മന്ദഗതിയിലായി. 1992-99 കാലത്ത് പയമ്പ്രോട്ട് കോട്ടയത്ത് ഒരു പ്രമുഖ പത്രത്തിൽ പത്രപ്രവർത്തകനായി ജോലി നോക്കി. ഇക്കാലം ലീവിനിടെ വന്ന് സാഹസപ്പെട്ട് വര പുറത്തിറക്കുമായിരുന്നു. 1990 ൽ 150 പേജുള്ള നവവത്സര പതിപ്പും ഇറക്കി. 91 ൽ വര മുടങ്ങി. 96 ൽ വീണ്ടും തുടങ്ങി. വര പല ഘട്ടങ്ങളിലായി സാമ്പത്തിക പ്രശ്നം മൂലം നിർത്തേണ്ടിവന്നു. 99ൽ പൂർണമായും നിലച്ച അവസ്ഥയായി. എന്നാൽ 2000 സെപ്തംബർ എട്ടിന് വര സായാഹ്ന പത്രം ആരംഭിച്ചു. മരിക്കാൻ തയ്യാറാകാത്ത വര മാസിക സായാഹ്ന പത്രത്തോടൊപ്പം വീണ്ടും 2001 ജനുവരിയിൽ പുനപ്രസിദ്ധീകരണമാരംഭിച്ചു. ഈ സമയത്തു തന്നെ ‘ചേകനൂർ മൗലവി : ജീവിതവും സന്ദേശവും’ ‘കെടാവിളക്ക്’ കഥാസമാഹാരം എന്നീ പുസ്തകങ്ങളും വര പബ്ലിക്കേഷൻസ് പുറത്തിറക്കി. എന്നാൽ 2002 ൽ വര മാസിക പൂർണമായി നിലച്ചു.

വര മാസികയിൽ നിന്ന് തുടങ്ങിയ വര സായാഹ്ന പത്രം ഒന്നര വർഷത്തോളം കൊണ്ടോട്ടിയിലെയും പരിസര പ്രദേശങ്ങളിലെയും ചൂടുള്ള വാർത്തയുടെ മഷി പുരണ്ടു. സായാഹ്ന പത്രങ്ങളുടെ സ്ഥിരം ചേരുവകൾ ഇല്ലാതിരുന്നതിനാൽ വീടുകളിൽ പതിവ് വായനക്കാർ വരയ്ക്കുണ്ടായിരുന്നു. ആറായിരത്തോളം കോപ്പികൾ അച്ചടിക്കുമായിരുന്നു. ചേകന്നൂർ കേസുമായി ബന്ധപ്പെട്ട പല എക്സ്ക്ലൂസീവുകളും വര പത്രം പുറത്തുകൊണ്ടുവന്നതിനാൽ ഉടമസ്ഥനും എഡിറ്ററും എല്ലാമായിരുന്ന റസാഖ് പയമ്പ്രോട്ടിനു നേരെ വധ ശ്രമം വരെയുണ്ടായി. വര വ്യക്തിപരമായി വൻ സാമ്പത്തിക ബാധ്യതകൾ ബാക്കിവെച്ചെങ്കിലും അതൊരു നഷ്ടക്കണക്കിൽ ഉൾപ്പെടുത്താൻ പയമ്പ്രോട്ട് തയ്യാറല്ല.

ആരും പറയാൻ തയ്യാറാവാത്ത കാര്യങ്ങൾ പറയുക എന്നതാണ് ലിറ്റിൽ മാഗസിനുകളുടെ ദൗത്യം. അതുകൊണ്ട് അവ നിലനിൽക്കണം. എന്തു കിട്ടും എന്നതിലുപരി ഒരു തരം വൈകാരിക ബന്ധമായിരുന്നു ലിറ്റിൽ മാഗസിനുകളുടെ നടത്തിപ്പിന്റെ പ്രചോദനം . സാമൂഹികമായി അവഗണിക്കുന്ന വിഷയങ്ങളെ പുറത്തുകൊണ്ടുവരാനും പുതിയ എഴുത്തുകാരെ കണ്ടെത്തി വളർത്തിയെടുക്കാനും ലിറ്റിൽ മാഗസിനുകൾക്ക് കഴിയും എന്ന് 2006 ഒക്ടോബർ മുതൽ കോഴിക്കോട്ട് *വർത്തമാനം ദിനപത്രത്തിന്റെ* കോ ഓഡിനേറ്റിംഗ് എഡിറ്ററായ റസാഖ് പയമ്പ്രോട്ട് പറയുന്നു.

**കെ.പി രാമനുണ്ണിയുടെ ജീവിതത്തിന്റെ പുസ്തകം എന്ന നോവലിനെ മുൻനിർത്തി ചില ചിന്തകൾ...**

**ബിജുജോൺ**

# ആക്കിത്തീർത്തതിൽ നിന്ന് ആവാമായിരുന്നതിലേക്ക്

"ഓഫീസിലായാലും വീട്ടിലായാലും ഒരു ജയിൽ മുറി എപ്പോഴും അയാളെ അനുഗമിച്ചിരുന്നു. ഇന്നലെയാണ് എല്ലാ യാത്രോല്ലാസത്തെയും ചന്നംപിന്നമാക്കാറുള്ള ആ എച്ച്.എം.ടി വാച്ച് കൈത്തണ്ടയിൽ നിന്ന് അഴിച്ച് മാറ്റിയത്. പാന്റ്സിന് പകരം മുണ്ടുടുത്തു. ഷൂസിന് പകരം വാർചെരുപ്പണിഞ്ഞു. എം.എം.റ്റു, എം.എം.ത്രീ,എസ്.എം.ഫോർ. തുടങ്ങിയ ബാങ്ക് ഉദ്യോഗസ്ഥ ഗ്രേഡുകളുടെ കല്ലിപ്പ് മുഖത്ത് നിന്ന് തുറുപ്പിച്ച് കളഞ്ഞു"

കെ.പി. രാമനുണ്ണിയുടെ ജീവിതത്തിന്റെ പുസ്തകം എന്ന് നോവലിന്റെ ആദ്യ അധ്യായത്തിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തത്. എല്ലാം നേടിയിട്ടും ഒന്നും നേടാത്ത പുതിയ നാഗരികന്റെ ജീവിതം നിരവധി സാഹിത്യസൃഷ്ടികൾക്ക് വിധേയമായിട്ടുണ്ട്. ജീവിതത്തിന്റെ യഥാർത്ഥ ആനന്ദം അതിഭൗതികതയിലും, അതിവേഗമാർന്ന ബിസ്സിനസ് ജീവിതക്രമത്തിലും കണ്ടെത്താൻ കഴിയില്ല എന്നതും പുതിയ കണ്ടുപിടുത്തമല്ല. എന്നാൽ ജീവിതത്തിലെ ഏറ്റവും ചെറിയ ചെറിയ കാര്യങ്ങളിൽ വരെ മഹാ ആനന്ദം കണ്ടെത്താൻ പ്രേരിപ്പിക്കുന്ന, വേഗത്തിന് പകരം സർഗ്ഗപരമായ അലസതയും, പതിനൊന്ന് നിലയുള്ള ബാങ്കിന്റെ സോണൽ ഓഫീസിന് പകരം അതിയന്നൂർ കടപ്പുറത്തെ ചെറിയ കുടിലും, കെട്ടുനാറുന്ന എയർകണ്ടീഷൻ അന്തരീക്ഷത്തിന് പകരം തുറസ്സായ വായുവും ചത്ത ബിസ്സിനസ് ലാൻഗ്വേജിന് പകരം സ്പന്ദിക്കുന്ന നാടൻ വടക്കൻ ഭാഷയും ആനന്ദത്തിന്റെ ശരിയായ മാർഗ്ഗങ്ങളായി നമ്മെ ബോധ്യപ്പെടുത്തുന്ന ധ്യാനാത്മക ചിന്തകൾ ഈ നോവലിനെ ജീവിതത്തിന്റെ സുവിശേഷം തന്നെയാക്കുന്നു.

പത്രാസും പദവിയും ഉള്ള ബാങ്ക് ഓഫീസറായ ഗോവിന്ദവർമ്മക്ക് പുതിയ കാലത്തിന്റെ ഏത് അളവുകോലിൽ നോക്കിയാലും നൂറിൽ നൂറ് മാർക്ക് ! ഗൈനക്കോളജിസ്റ്റായ ഭാര്യ, വലിയ ഫ്ളാറ്റ്, സംതൃപ്തകുടുംബം. അവിചാരിതമായ ഒരു തീവണ്ടി അപകടത്തെ ത്തുടർന്ന് അംനീഷ്യ ബാധിച്ച് പഴയതെല്ലാം മറന്ന് അതിയന്നൂർ കടപ്പുറത്ത് എത്തുന്ന ഗോവിന്ദവർമ്മരാജ മുക്കുവന്മാരുടെ കൂടെ ഒരു തനി മുക്കുവൻ തന്നെയായി മാറി പുതിയ ജീവിതം തുടങ്ങി. അങ്ങനെ കുറെനാൾ ജീവിച്ചതിന് ശേഷം ഓർമ്മ തിരികെ കിട്ടി പൂർവ്വ ജീവിതത്തിലേക്ക് വർമ്മ തിരികെപ്പോയി. സത്യത്തിൽ അതിയന്നൂർ കടപ്പുറത്ത് നിന്ന് പഴയ ജീവിതത്തിലെത്തിയ വർമ്മ ഒരു പുതിയ മനുഷ്യനായിരുന്നു. അതിയന്നൂർ കടപ്പുറത്തെ ജീവിതം വർമ്മയുടെ ജീവിതത്തെയും ജീവിതത്തോടുള്ള കാഴ്ചപ്പാടുകളെയും തന്നെ മാറ്റിമറിച്ചു. ഒടുവിൽ തിരികെ ബാങ്ക് ഓഫീസറുടെ കുപ്പായവും ഗൈനക്കോളജിസ്റ്റ് ഭാര്യയുടെ ഭർത്താവ് പദവിയും.... എല്ലാം ഉപേക്ഷിച്ച് അയിത്തീർന്നതിൽ നിന്ന് ആവാമായിരുന്നതിലേക്ക് തന്നെയുള്ള യാത്രയായിരുന്നു അത്.

അതിയന്നൂർ ജീവിതത്തിന് ശേഷമുള്ള ഗോവിന്ദവർമ്മരാജ കേവലം ഒരു ട്രെയിൻ യാത്രയിലെ ഓരോ ചെറിയ കാര്യങ്ങളിലും അതിന്റെ സൂക്ഷമമായ വിശദാംശങ്ങൾ അസ്വദിക്കുന്നു, ആനന്ദിക്കുന്നു. ജനറൽ കംപാർട്ട്മെന്റിന്റെ വാതിൽ കമ്പികളിൽ സ്വയം തൂക്കിയിട്ട് പുറത്തേക്ക് നോക്കി നിൽക്കുന്നു.

"ചീകിവെച്ച മുടി പപ്പടം പറത്തി വിവിധ ഇടങ്ങളിൽ തലയോട് പുറത്ത്കാട്ടി, കോളർമുന താടിയെല്ലിൽ പടാപടാ അടിപ്പിച്ച് സ്വയം ആസ്വദിക്കുന്ന ആയാൾ പാറിപ്പറക്കുന്നമുടി ഒതുക്കുവാനോ, അഴിഞ്ഞ് പോയ ഷർട്ടിന്റെ ബട്ടൻസുകൾ ഇടാനോ പോലും ശ്രമിക്കുന്നില്ല." എഴുത്തുകാരന്റെ തുടർന്നു പറയുന്നു: "ബാങ്കിലെ സീനിയർ ഓഫീസറായിരുന്ന കാലത്തെ തന്റെ തീവണ്ടി യാത്ര എങ്ങനെയെല്ലാമായിരുന്നെന്ന് ഗോവിന്ദവർമ്മരാജ അപ്പോൾ ആലോചിച്ചു. ഏ.സി. കംപാർട്ട്മെന്റിൽ അത്യന്തം കരുതലോടെ അഭിമുഖയാത്രക്കാരനിലേക്കയയ്ക്കുന്ന ഉപചാരദൃഷ്ടികൾ. ചിരിക്കാനൊരു ശ്രമം. പൊടുന്നനെ ലോഗ്യം അധികമായോ എന്ന് ഭയന്ന് പാതിയിൽ വിഴുങ്ങുന്ന മന്ദഹാസം. ഓ. ഇവന്റെയെല്ലാമൊരു പത്രാസ് എന്നു തിരസ്കരിച്ച് ഫൈനാൻഷ്യൽ എക്സ്പ്രസ്സ് കൊണ്ടുള്ള മുഖം മറച്ചു പിടിക്കൽ. പിന്നിട് ഗ്ലാസ് വിത്ത് കേർ മുന്നറിയിപ്പ് കോച്ച് അറ്റൻഡർമാർക്കും ട്രെയിൻ വേണ്ടർമാർക്കും നൽകി ക്കൊണ്ടിരിക്കുന്ന വി.ഐ.പി ഘനം പിടുത്തം"

എല്ലാവരും വി.ഐ.പി കളാവാൻ മത്സരിക്കുന്ന കാലത്ത് അലസസൗന്ദര്യം എന്നൊന്നില്ലാതാവുന്നു. രണ്ട് കൈകളും വീശി അലക്ഷ്യമായി പൊതിക്കടല കൊറിച്ച് നടക്കാൻ. റോഡ് വക്കിലെ കലുങ്കിൽ ഒറ്റമുണ്ടും ഉടുത്തിരുന്ന് സൊറപറയാൻ. എത്രപേർക്ക് കഴിയും ? വീർപ്പുമുട്ടുന്ന ജയിൽമുറി സദാ നമ്മളെ അനുഗമിക്കുമ്പോൾ പിന്നെ ഇതൊക്കെ എങ്ങനെ സാധിക്കും. ? (അവസാനിക്കുന്നില്ല)

*"ഓഫീസിലായാലും വീട്ടിലായാലും ഒരു ജയിൽ മുറി എപ്പോഴും അയാളെ അനുഗമിച്ചിരുന്നു"*



ചിത്രീകരണം: ഡോ. ടി. റഹ്മാൻ

വർത്തമാനം

പ്രമോദ് ഇരുമ്പുഴി

# ജാതിപ്പേരും രോഗപ്പേരും

**പുതിയ രോഗങ്ങൾക്ക് പക്ഷികളുടെയും ജന്തുക്കളുടെയും പേര് നല്കുന്നത് എന്തുകൊണ്ട്? എലിപ്പനി, ഭ്രാന്തിപ്പശുരോഗം, പക്ഷിപ്പനി, പന്നിപ്പനി.... വരുംനാളുകളിൽ ഏതെല്ലാം ജന്തുക്കളുടെ പേരുകളിൽ പുതിയ രോഗങ്ങൾ അറിയപ്പെടും.!**

*ജാതിഭേദം മതദ്വേഷം*
*ഏതുമില്ലാതെ സർവ്വരും*
*സോദരത്വേന വാഴുന്ന*
*മാതൃകാസ്ഥാനമാണിത്*

എന്ന ശ്രീനാരായണഗുരുവിന്റെ ആശയം തള്ളികളഞ്ഞ നാടാണ് കേരളം. അതിനാലാണ് ഒളിഞ്ഞും തെളിഞ്ഞും അവർണരെ പരിഹസിക്കുന്ന വാക്കുകൾ സിനിമയിലും നിത്യജീവിതത്തിലും നാം പ്രകടിപ്പിക്കുന്നത്. പാണൻ,പറയൻ, പുലയൻ, കുശവൻ, ആദിവാസി തുടങ്ങിയ ജാതിപ്പേരുകൾ മാത്രമല്ല, പലർക്കും അത് കലഹിക്കുമ്പോൾ ശകാരപദമായി ഉപയോഗിക്കാനുമുള്ളതാണ്.

ഇന്ത്യൻ ക്രിക്കറ്റ് ടീം ലോകകപ്പിൽ ക്വാർട്ടർ ഫൈനലിൽ പോലുമെത്താതെ പരാജയപ്പെട്ടപ്പോൾ സച്ചിനും ഗാംഗുലിയ്ക്കും ജഡേജയ്ക്കും ഇനി ബാർബർമാരാകുന്നതാണ് നല്ലത് എന്ന തരത്തിലുള്ള ചിത്രങ്ങളും നോട്ടീസുകളും ഇന്റർനെറ്റിലൂടെ പ്രചരിച്ചു. ക്രിക്കറ്റ് മഹത്തരമാണെന്നും മുടിവെട്ട് മോശമാണെന്നും ഈ ഇന്റർനെറ്റ് യുഗത്തിലും ഇന്ത്യയൊട്ടുക്ക് (ലോകമൊട്ടുക്ക്) പ്രചരിക്കുന്നുവെന്ന് യാഥാർത്ഥ്യം പകൽ വെളിച്ചം പോലെ പുറത്തുവന്നു.

മുഖ്യധാരസമൂഹത്തിന് ഇഷ്ടമില്ലാത്ത ജാതിപ്പേര്, ജന്തു/പക്ഷി എന്നിവയുടെ പേരുകൾ അവർ തെറിയായി (പരിഹാസത്തിനായി) ഉപയോഗിക്കും.ഇതിനെ അനുസ്മരിപ്പിക്കുന്നതാണ് പുതുതായി രൂപം കൊള്ളുന്നു എന്ന് പറയപ്പെടുന്ന രോഗങ്ങളുടെ പേരുകൾ. എലിപ്പനി, പക്ഷിപ്പനി, പന്നിപ്പനി, ഭ്രാന്തിപ്പശുരോഗം തുടങ്ങിയവ ഉദാഹരണങ്ങളാണ്. പലപ്പോഴും ആദ്യം കണ്ടുപിടിക്കപ്പെടുന്ന സ്ഥലത്തിന്റെയോ ജന്തുവിന്റെയോ ഒക്കെ പേരിലാണ് രോഗങ്ങൾ അറിയപ്പെടുന്നത്. ഇതൊന്നുമറിയാതെ ജനങ്ങൾ മുൻവർഷങ്ങളിൽ പക്ഷിപ്പനിയുടെ ($H_5N_1$) വാർത്ത മാധ്യമങ്ങൾ ആഘോഷിച്ചപ്പോൾ ലക്ഷക്കണക്കിന് കോഴികളെയാണ് ലോകമെമ്പാടും കൊന്നൊടുക്കിയത്. പക്ഷിപ്പനിക്ക് കാരണം കോഴികളല്ലെന്ന് മനസ്സിലാക്കിയവർ കിലോക്ക് പത്തും പതിനഞ്ചും രുപയ്ക്ക് കോഴികളെ വാങ്ങി കരിച്ചും പൊരിച്ചും ചുട്ടും ബിരിയാണി വെച്ചും തിന്ന് പക്ഷിപ്പനി ആഘോഷിച്ച വാർത്തയും നാം മാധ്യമങ്ങളിൽ തന്നെ കണ്ടു.

1918–19 കളിൽ സ്പാനിഷ് ഫ്ളൂവെന്നും 1958 ൽ എഷ്യൻ ഫ്ളൂവെന്നും 68ൽ ഹോങ്കോങ് ഫ്ളൂവെന്നും അറിയപ്പെട്ടിരുന്ന $H_1N_1$ ഇൻഫ്ളൂവൻസ, വടക്കേ അമേരിക്കയിലെ പന്നിഫാമുകളിൽ പണിയെടുക്കുന്ന മനുഷ്യരിലാണ് ആദ്യം റിപ്പോർട്ട് ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ രോഗത്തിന് പന്നിപ്പനി എന്ന പേർ കൊടുത്തിട്ടുള്ളത് . രോഗം വരുന്നതും പകരുന്നതും തന്റെ കാരണം കൊണ്ടല്ലെന്നും, അത് മറ്റുള്ള ജന്തുക്കളുടെ സാന്നിധ്യം കൊണ്ടാണെന്നും വിചാരിക്കുന്ന അധമചിന്തയുള്ളവനാണ് മനുഷ്യൻ. പന്നിപ്പനിയെന്ന പേര് കേട്ടയുടനെ എന്റെ മനസ്സിൽ വന്ന ചിത്രം കബന്ധങ്ങളായി കുന്നുകൂടികിടക്കുന്ന പന്നികളുടെ ചിത്രമാണ്. കോഴിഫാമുകളെക്കാളും സ്വാധീനം പന്നിഫാമുകൾക്കുള്ളതു കൊണ്ടാണോ, പന്നിഫാം നടത്തിപ്പുകാരുടെ മുന്നൊരുക്കം കൊണ്ടാണോ എന്നറിയില്ല, പന്നിപ്പനി എന്ന് പേര് പ്രചാരത്തിലാവുന്നതിനൊപ്പം തന്നെ പന്നികളിൽ നിന്നല്ല ഈ രോഗം പകരുന്നത് എന്ന വാർത്തയും വന്നിരുന്നു.

എലിപ്പനി, ഭ്രാന്തുപ്പശുരോഗം, പക്ഷിപ്പനി, പന്നിപ്പനി.... വരുംനാളുകളിൽ ഏതെല്ലാം ജന്തുക്കളുടെ പേരുകളിൽ പുതിയ രോഗങ്ങൾ അറിയപ്പെടും.! അതുമായി ബന്ധപ്പെട്ട് മരുന്നു വിൽപ്പനയും പ്രചരണങ്ങളും ശുചീകരണപ്രവർത്തനവും നടത്തി ബന്ധപ്പെട്ടവർ കാശുണ്ടാക്കും! ഏതെല്ലാം ജന്തുക്കളുടെ തലപോകും !... ഓർക്കുമ്പോൾ തന്നെ ഭയം തോന്നുന്നു. മലപ്പുറം ഡി.ഡി ഓഫീസിന്റെ മതിലിലെ പരസ്യം കണ്ടാൽതോന്നും കൊതുകളാണ് ലോകത്തിലെ ഭീകരൻ എന്ന്. അവിടെ ശരിക്ക് വരക്കേണ്ടത് മനുഷ്യനെയാണ് അവന്റെ തെറ്റായ ഉപഭോഗരീതിയും ഭക്ഷണരീതിയും വ്യായാമക്കുറവും മാനസികപിരിമുറുക്കവും കാരണമാണ് രോഗങ്ങളിൽ ഭൂരിഭാഗവും പുതിയ രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്നത് . അതിന് പക്ഷിയേയും പന്നിയേയും കൊതുകിനേയും കൊന്നൊടുക്കിയിട്ട് യാതൊരു കാര്യവുമില്ല.

പ്രയോഗം

# പകർച്ചപ്പനിക്ക് മരുന്ന്

പൊടിച്ച ചുക്കും വെള്ളംകൂടാതെ അരച്ച വെളുത്തുള്ളിയും 1:4 അനുപാതത്തിൽ ഒന്നിച്ചെടുത്ത് കുരുമുളക്, ജീരകപ്പൊടി, ഉപ്പ് എന്നിവ വേണ്ടത്ര ചേർത്ത് ദിവസവും അര ടീസ്പൂൺ വീതം ഭക്ഷണത്തോടൊപ്പം കഴിച്ചാൽ പകർച്ചപ്പനി പിടിക്കില്ല. പനി പിടിച്ചവർക്ക് ഉണ്ടാകുന്ന ക്ഷീണവും നീരും ഇത് കഴിച്ചാൽ മാറിക്കിട്ടും.

പ്രതിരോധശക്തി കൂട്ടുന്നതിനു പുറമെ, ഈ ഔഷധങ്ങൾ രക്തക്കുഴലുകളെ വികസിപ്പിച്ച് രക്തഓട്ടം കൂട്ടുന്നതും നീർ ഭേദമാകുന്നതുമാണ്.

പനി ദുരിതങ്ങൾ മാറാത്തവർ ഈ ഭക്ഷ്യക്കൂട്ട് കഴിക്കുകയും നീരുണ്ടെങ്കിൽ ആ ആ ഭാഗങ്ങളിൽ ഈ കൂട്ട് അൽപ്പമെടുത്ത് മുരിങ്ങാത്തൊലി നീരിൽ ചാലിച്ചു പുരട്ടുകയും ചെയ്യുക. കൊട്ടംചുക്കാദി ചൂർണ്ണം നീരിനുപറ്റിയതാണ്. നീര് കുറയ്ക്കും.

### പകർച്ചപ്പനിക്ക് മറ്റൊരൗഷധം.

*ദേവതാരം : 20 ഗ്രാം*
*ചുക്ക് : 20 ഗ്രാം*
*മല്ലി : 20 ഗ്രാം*

ഇവ മൂന്നും ചേർത്ത് എട്ട് ഗ്ലാസ് വെള്ളത്തിൽ കുറുക്കി ഒന്നര ഗ്ലാസ് ആക്കുക. അര ഗ്ലാസ് വീതം രാവിലെയും ഉച്ചക്കും വൈകുന്നേരവും കഴിക്കുക.

### ഡങ്കിപ്പനിക്ക്

പപ്പായഇല പഴിഞ്ഞെടുത്ത നീര് തുണിയിൽ അരിച്ച് രണ്ട് സ്പൂൺ വീതം ദിവസവും കഴിക്കുക. മൂന്ന് ദിവസത്തിനുള്ളിൽ രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ കൗണ്ട് വർധിക്കുകയും പനി കുറയുകയും ചെയ്യും.

ലിമാ ഡൈജസ്റ്റ്

# അറിയാമോ, നോൺവെജ് നെയ്യിനെക്കുറിച്ച്?

**നെയ്യ് കഴിക്കുന്ന വെജിറ്റേറിയൻമാരേ ! അറിയുക നിങ്ങൾ ഇപ്പോൾ നോൺ വെജിറ്റേറിയനായിക്കഴിഞ്ഞിരിക്കുന്നു.**

കഴിഞ്ഞ ജൂൺ 13 ന് അഗ്രയിലെ ഒരു നെയ നിർമ്മാണ ശാലയിൽ പോലീസ് റെയ്ഡ് നടന്നു. മൃഗക്കൊഴുപ്പ് ഉപയോഗിച്ചു നെയ് ടിന്നുകൾ പിടിച്ചെടുത്തു. പശു, കഴുത, കുതിര, പട്ടി എന്നിവയുടെ തോലുകളും പിടിച്ചെടുത്തു.

ബാഗ്ലൂരിലെ ലാബിൽ പരിശോധനയിൽ ഇന്ത്യയിലെ ജനപ്രിയ ബ്രാൻഡുകളടക്കമുള്ളവയിൽ ചുരുങ്ങിയത് 5% എങ്കിലും മൃഗക്കൊഴുപ്പ് ഉള്ളതായി കണ്ടെത്തി. ഇന്ത്യയിലെ മിക്ക ലാബുകളിലും നെയ്യിലെ മൃഗക്കൊഴുപ്പ് കണ്ടെത്താൻ സംവിധാനമില്ല. നെയ്യിൽ മായമുണ്ടെന്ന് മാത്രമേ വ്യക്തമാകൂ. ശുദ്ധ നെയ്യിനോട് സമാനമായ ഭൗതിക, രാസ ഘടനയാണ് മൃഗക്കൊഴുപ്പിനുള്ളത്. അതുകൊണ്ട് തന്നെ കൃത്രിമം തെളിയിക്കാൻ പ്രയാസം.

സാധാരണക്കാരന് നെയ്യിലെ കൃത്രിമം തിരിച്ചറിയാൻ ചെറിയൊരു പരീക്ഷണമുണ്ട്. കുപ്പിയിലെ സൂക്ഷിച്ചിരിക്കുന്ന നെയ്യിന്റെ പകുതി ഉറച്ചും ബാക്കി ഉരുകിയും കാണുന്നുവെങ്കിൽ അതിൽ 15% മൃഗക്കൊഴുപ്പ് അടങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കാം.

നെയ്യ് കഴിക്കുന്ന വെജിറ്റേറിയൻമാരേ ! അറിയുക നിങ്ങൾ ഇപ്പോൾ നോൺ വെജിറ്റേറിയനായിക്കഴിഞ്ഞിരിക്കുന്നു.

## വരുന്നൂ... സോളാർ റിക്ഷ

കൽക്കട്ടെ: സെൻട്രൽമെക്കാനിക്കൽ എൻഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സോളാർ ഇലക്ട്രിക് റിക്ഷ വികസിപ്പിച്ചിരി ക്കുന്നു. റിക്ഷ വലിച്ചും സൈക്കിൾ ഓടിച്ചും തളർന്നവർക്കിനി സൗരോർജ്ജത്തിന്റെ ഒരു കൈ സഹായം!

50 ലക്ഷം വരുന്ന റിക്ഷാതൊഴിലാളികൾക്കിനി വെറുതെ ഇരുന്ന് റിക്ഷാ ഓടിച്ചാൽ മതി എന്ന് വിചാരിക്കാൻ വരട്ടെ. കുറച്ച്കൂടി ആയാസരഹിതമാക്കി അദ്ധ്വാനം കുറക്കുക എന്നതാണ് ഉദ്ദേശം. രണ്ട് യാത്രക്കാർക്കും 150 മുതൽ 200 വരെ കിലോഗ്രാം ഭാരം വഹിക്കും. 36 വോൾട്ടിന്റെ മോട്ടറാണ് ഘടിപ്പിച്ചിരിക്കുന്നത്.

വാഹനത്തിന്റെ ഇപ്പോഴത്തെ വില 30,000 രൂപ മുതൽ 35,000 വരെയാണ്. ഇത് ഒരു ഗ്രീൻ വാഹനം എന്ന് പറയണമെങ്കിൽ വൈദ്യുതി കൊണ്ട് ചാർജ്ജ് ചെയ്യാൻ പാടില്ലാ എന്ന നിർമ്മാതക്കൾക്ക് നിർബന്ധമുണ്ട്. അതിനാൽ ഒരു സോളാർ ചാർജിംഗ് സ്റ്റേഷൻ തന്നെ ദുർഗ്ഗാപൂരിൽ തുടങ്ങിയിരിക്കുന്നു.

ഗ്രീൻ ഐ

ജയപ്രകാശ് നിലമ്പൂർ

# മാലിദ്വീപ് ഇൻഡ്യയിലേക്ക്



**ഒരു രാജ്യത്തിനകത്തേക്ക് മറ്റൊരു സ്വതന്ത്രപരമാധികാര രാജ്യം കടന്നുകയറുമ്പോൾ എന്തെല്ലാമാവും സംഭവിക്കുക. കാത്തിരുന്ന കാണാം.**

ആഗോളതാപനം പ്രധാന ചർച്ചവിഷയമാകുന്നതോടൊപ്പം ഇതിന്റെ ആദ്യ ഇരകളാകുന്നവർ അതിജീവനത്തിനായുള്ള അടിയന്തിര ശ്രമങ്ങളും ലോകത്തെമ്പാടും ആരംഭിച്ചിരിക്കയാണ്. ഭാരതത്തിലും ഇത്തരം ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സമുദ്രനിരപ്പിൽ നിന്ന് ഒരു മീറ്ററിനുള്ളിൽ ഉയരമുള്ള മാലിദ്വീപുകാർ അവരുടെ സ്വന്തം ദ്വീപുകൾ കടലെടുക്കമെന്ന തിരിച്ചറിവിൽ തമിഴ്നാട്ടിലെ കന്യാകുമാരി, തിരുനെൽവേലി ജില്ലകളിലായി 40,000 ഹെക്ടർ (ഒരുലക്ഷം ഏക്കർ) ഭൂമി വിലക്കെടുത്ത് തങ്ങളുടെതായ ഒരു തട്ടകം ഒരുക്കാനുള്ള തീ വ്രശ്രമത്തിലാണ്.

ഇക്കഴിഞ്ഞ ഏപ്രിലിൽ നിലമ്പൂർ പ്രകൃതിപഠനകേന്ദ്രം സംഘടിപ്പിച്ച ഭാരതയാത്രയുടെ ഭാഗമായി തമിഴ്നാട്ടിലെ തീരദേശങ്ങളിലൂടെയും സമീപ ഗ്രാമങ്ങളിലൂടെയുമുള്ള യാത്രക്കിടയിലാണ് തികച്ചും ആസൂത്രിത മായി പ്രദേശിക ദല്ലാളമാരുടെ സഹായത്തോടെ ഈ ഭൂമിയെടുക്കൽ നടന്നുവരുന്നത് ശ്രദ്ധയിൽ പെട്ടത്. സാംസ്കാരികപരമായി ഏറെ അപചയങ്ങൾ ടൂറിസത്തിന്റെ മറവിൽ നടന്നു കഴിഞ്ഞിട്ടുള്ള ദ്വീപുകാർ ഇവിടെയെത്തി സ്ഥിരവാസമാക്കുന്നത് തമിഴ് ജനതയെ എങ്ങിനെയാവും ബാധിക്കുന്നത് ? ഒരു രാജ്യത്തിനകത്തേക്ക് മറ്റൊരു സ്വതന്ത്രപരമാധികാര രാജ്യം കടന്നു കയറുമ്പോൾ എന്തെല്ലാമാവും സംഭവിക്കുക. കാത്തിരുന്ന കാണാം.

*പിൻകുറി:* സ്വാഭാവികമായി ലക്ഷദ്വീപുകാരും ഏറെ വൈകാതെ കേരളത്തിലേക്ക് കുടിയേറും. നമുക്കെല്ലാം ഭക്ഷിക്കാനും അർമാദിക്കാനുമുള്ള വിഭവങ്ങൾ എത്രകാലത്തേക്കുണ്ടാവുമെന്ന ചോദ്യം സ്വയം ചോദിച്ചുനോക്കു!

• • •

മഴകെടുതികളാൽ വലഞ്ഞ കേരളീയർക്ക് ഈ മഴക്കാലവും ഒട്ടനവധി ജീവിത പാഠങ്ങളാണ് നൽകിയത്. പെയ്ത വെള്ളത്തിന് ഒഴുകി പോകാൻ തോടുകളില്ലാതെ കെട്ടിനിന്ന് ജനജീവിതം സ്തംഭിപ്പിച്ചതും സേഫ്റ്റി സെപ്റ്റിക്ക് ടാങ്കുകൾ പൊട്ടിയൊലിച്ച് ദുർഗന്ധപൂരിതമായതും ജലജന്യപകർച്ച വ്യാധികൾ പെരുകിയും വെള്ളപ്പൊക്കമൊക്കെ ഔട്ട് ഓഫ് ഫാഷനായി എന്ന ഹുങ്കിൽ പാടം നികത്തി വീടുവച്ചവർ കൂട്ടംകൂട്ടമായി പാലായനം ചെയ്യേണ്ടിവന്നതുമെല്ലാം നമ്മുടെ പുത്തൻ പരിഷ്ക്കാരങ്ങളുടെ പൊള്ളത്തരങ്ങളാണ് തുറന്നുകാട്ടിയത്. ഏറെക്കാലമായി വിവരമുള്ളവർ ആവശ്യപ്പെടുന്ന ആസൂത്രിതമായ സ്ഥല-ജലപരിപാലന രീതികൾ എന്നാണ് നടപ്പിലാവുക. കാലമേറെയായി മുഴങ്ങി കേൾക്കുന്ന നീർതടാതിഷ്ഠിത വികസനം ഇപ്പോഴും തിരുനക്കര തന്നെയാണ്.

• • •

കാർഷിക ഉൽപ്പന്നങ്ങൾക്ക് മാന്യമായ വിലയാണ് ആവശ്യമെന്ന കർഷകരുടെ ഏറെക്കാലമായുള്ള ആവശ്യം കോടികൾ സബ്സിഡി നൽകി കൃഷി നിലനിർത്തുന്നയിടങ്ങളിൽ നിന്നെത്തി യവർ കണ്ടില്ലെന്ന് നടിക്കുന്നു. ജൈവകൃഷിക്കായുള്ള മുറവിളികളു ടെയും ആത്മാർത്ഥ ശ്രമങ്ങളുടെയും ഇക്കാലത്തും കേന്ദ്ര ബജറ്റിൽ കൃഷിക്കായി നീക്കിവച്ച തുകയുടെ സിംഹഭാഗവും രാസവ സ്തു സബ്സിഡിക്കാണ്. കുട്ടത്തിൽ കൂടുതൽ സബ്സിഡി നേടുന്ന 100% ഇറക്കുമതി ചെയ്യപ്പെടുന്ന പൊട്ടാഷ് വളവും (Mop), ഇറക്കുമതിയുടെ 90 ശതമാനവും പെടിയുപ്പ് നിർമ്മിക്കാനായി വകമാറ്റപ്പെടുന്നു എന്നതും ഇതോടപ്പം ചേർത്തുവായിക്കണം.

'tle Masika April - May 2009 Postal Reg.No. KL/MJI/82/2007-2009 RN 67322 / 94 registered with the
Registrar of News Papers for India New Delhi Rs. 6.50

# Subscribe to The Green Truth

























## r e l e v a n c e  o f  b e i n g  l i t t l e

## ലിറ്റിൽ മാസിക

2009 ആഗസ്റ്റ്
ലക്കം: 109

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്നു. പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു. ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.

Registered Periodical

*If undeliverd,
please return to*

Editor
Little masika
Chungathara P.O.
Malappuram Dt.
Pin: 679 334
Kerala

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara